بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ    نَحۡمَدُہٗ وَنُصَلِّیۡ عَلٰی رَسُوۡلِہِ الۡکَرِیۡمِ    وَعَلٰی عَبۡدِہِ الۡمَسِیۡحِ الۡمَوۡعُوۡد

وَلَقَدۡ نَصَرَکُمُ اللّٰہُ بِبَدۡرٍ وَّاَنۡتُمۡ اَذِلَّۃٌ

# ബദർ

വീക്കിലി ഖാദിയാൻ

Weekly
BADAR Qadian
Malayalam

വാല്യം 9

ലക്കം 45-46

വാർഷിക വരിസംഖ്യ 600 രൂപ

പത്രാധിപർ എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ മുഹമ്മദ് ഇസ്‌മായീൽ

www.akhbarbadrqadian.in

2024 നവംബർ 07-14/ഹി.ശം 1403 നുബുവ്വത്ത് 07-14/ഹി:ഖ 1446 ജമാദുൽ അവ്വൽ 04-11

## അല്ലാഹുവിന്റെ വചനം

لَا يَبۡعَثُ اللّٰهُ مَنۡ يَّمُوۡتُ ؕ بَلٰى وَعۡدًا عَلَيۡهِ حَقًّا وَّ لٰـكِنَّ اَكۡثَرَ النَّاسِ لَا يَعۡلَمُوۡنَ ۙ○

﴿سورة النحل: آیت ۳۹﴾

മരണമടയുന്നവരെ അല്ലാഹു പിന്നീടൊരിക്കലും പുനരുദ്ധാനം ചെയ്യുകയില്ല. എന്തുകൊണ്ടില്ല! അവന് (നിറവേറ്റാൻ) ബാധ്യതയുള്ള സത്യമായ വാഗ്ദാനമാണത്. പക്ഷേ, അധികമാളുകളും അറിയുന്നില്ല.

## അഹ്‌മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ്. സയ്യിദുനാ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലാഹുത്തആല ബിനസ്‌രിഹിൽ അസീസ് ദൈവകൃപയാൽ സുഖത്തിലും ക്ഷേമത്തിലുമാണ്. സഹോദരങ്ങൾ അമീറുൽമുഅ്മിനീന്റെ ആയുരാരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ഉന്നതലക്ഷ്യങ്ങളിൽ വിജയവും പ്രത്യേക കാവലും ഉണ്ടാകുന്നതിനും ദുആ ചെയ്യുക.
അല്ലാഹു എപ്പോഴും നമ്മുടെ പ്രിയങ്കരനായ ഇമാമിന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. ആമീൻ

## തിരുനബിﷺയുടെ തിരുവചനങ്ങൾ:

**സക്കാത്ത് നല്കുക, ആശ്രിതരെ പാലു കുടിപ്പിക്കുക.**

(2633) ഹദ്റത്ത് അബൂസയീദ് ഖുദ്‌രീؓ നിവേദനം. നബിﷺതിരുമേനിയുടെ അടുത്ത് ഒരു ബദ്‌വി വന്നു. അദ്ദേഹം നബിﷺതിരുമേനിയോടു ഹിജ്റത്തിനെ കുറിച്ച് ചോദിച്ചു. അവിടന്ന് പറഞ്ഞു:ഹിജ്റത്തിന്റെ കാര്യം വളരെ പ്രയാസമുള്ളതാണ്. താങ്കളുടെ കൈയിൽ ഒട്ടകങ്ങൾ വല്ലതുമുണ്ടോ? അദ്ദേഹം പറഞ്ഞു:ഉണ്ട്. താങ്കളതിന് സക്കാത്ത് കൊടുക്കുന്നുണ്ടോ? അദ്ദേഹം പറഞ്ഞു: കൊടുക്കുന്നുണ്ട്. അവിടന്ന് ചോദിച്ചു, ആർക്കെങ്കിലും പാലു കുടിക്കാൻവേണ്ടി ഒട്ടകത്തെ കൊടുക്കാറുണ്ടോ? അദ്ദേഹം പറഞ്ഞു: അതേ! കൊടുക്കാറുണ്ട്. പിന്നീട് ചോദിച്ചു: ആ ഒട്ടകങ്ങൾക്ക് വെള്ളം കൊടുക്കുമ്പോൾ കറക്കാറുണ്ടോ?(ആശ്രിതർക്ക് അവയുടെ പാല് കുടിപ്പിക്കാറുണ്ടോ?) അയാൾ പറഞ്ഞു: ഉണ്ട്.അപ്പോൾ നബിﷺതിരുമേനി പറഞ്ഞു: പിന്നീട് താങ്കൾ സമുദ്രങ്ങളിലൂടെ കടന്നുപോയാലും അല്ലാഹു താങ്കളുടെ ഒരു കർമത്തിനും ഫലം നല്കുന്നതിൽ താങ്കൾക്ക് ഒരു കുറവും വരുത്തുകയില്ല.

ഹദ്റത്ത് ഇബ്നുഅബ്ബാസ്ؓ നിവേദനം. നബിﷺതിരുമേനി ധാന്യങ്ങൾ വിളഞ്ഞുകിടക്കുന്ന വയലിൽ പോയി. ഇതാരുടേതാണ്? എന്ന് അവിടന്ന് ചോദിച്ചു. ഇന്നയാൾ പാട്ടത്തിനെടുത്ത സ്ഥലമാണെന്ന് ആളുകൾ പറഞ്ഞു. നബിﷺതിരുമേനി പറഞ്ഞു: ഈ സ്ഥലത്തിന്റെ ഉടമ പാട്ടത്തിനല്ലാതെ ഇത് ഇയാൾക്ക് വെറുതെ കൊടുത്തിരുന്നെങ്കിൽ എത്ര നന്നായിരുന്നു (സ്വഹീഹുൽ ബുഖാരി, വാല്യം 4 കിതാബുൽഹിബ)

**ദൈമുണ്ടെന്നതിന് ലക്ഷക്കണക്കിന് പരിശുദ്ധരായ ആളുകളുടെ സാക്ഷ്യം നിലവിലുണ്ട്. പിന്നീട് അവർ തങ്ങളുടെ കർമപരമായ അവസ്ഥകൊണ്ട് പറയുകയും ഹൃദയരക്തംകൊണ്ട് ദൈവമുണ്ടെന്ന്, തീർച്ചയായുമുണ്ടെന്നുമുള്ള സാക്ഷ്യം എഴുതുകയും ചെയ്തു. അതിനേയും ആരെങ്കിലും നിഷേധിക്കുകയാണെങ്കിൽ അവൻ വിഡ്ഢിയാണ്.**

## സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്ؑന്റെ ഉപദേശങ്ങൾ

ആരെങ്കിലും ദൈവമുണ്ടോ എന്ന സംശയം പ്രകടിപ്പിക്കുകയാണെങ്കിൽ അത് വലിയ അസഭ്യമായ കാര്യമാണ്. ദൈവത്തെ നിഷേധിക്കുന്നതിനെക്കാൾ വലിയ അജ്ഞതയും വിഡ്ഢിത്തവുമില്ല. രണ്ടു സാക്ഷികൾ പറയുന്നതുകൊണ്ട് ലോകത്ത് കോടതി വിധി പറയുന്നു. കുറച്ചു സാക്ഷികളുടെ വിവരണത്തിന്മേൽ ജീവൻപോലുള്ള പ്രിയപ്പെട്ട വസ്തുവിന്നെതിരിൽ കോടതി വിധി പുറപ്പെടുവിക്കുകയും തൂക്കിലേറ്റുകയും ചെയ്യുന്നു. വാസ്തവത്തിൽ സാക്ഷ്യങ്ങളിൽ കളവിന്റേയും ഗൂഢാലോചനയുടേയും ആശങ്ക മാത്രമല്ല ദൃഢവിശ്വാസവുമുണ്ടാകുന്നു. എന്നാൽ, തങ്ങളുടെ ജനതയിൽ, നാട്ടിൽ, സുസമ്മതരും സന്മാർഗികളും സദാചാരികളുമായ ആയിരക്കണക്കിന് ലക്ഷക്കണക്കിന് മനുഷ്യർ ദൈവത്തെ സംബന്ധിച്ച് നല്കിയ സാക്ഷ്യം മതിയായ സാക്ഷ്യമായി മനസ്സിലാക്കുന്നില്ല!! ഇതിനെക്കാൾ വലിയ ഭോഷത്തവും വാശിയും മറ്റെന്താകാനാണ്. അതായത് ദൈമുണ്ടെന്നതിന് ലക്ഷക്കണക്കിന് പരിശുദ്ധരായ ആളുകളുടെ സാക്ഷ്യം നിലവിലുണ്ട്. പിന്നീട് അവർ തങ്ങളുടെ കർമപരമായ അവസ്ഥകൊണ്ട് പറയുകയും ഹൃദയരക്തംകൊണ്ട് ദൈവമുണ്ടെന്നും തീർച്ചയായുമുണ്ടെന്നുമുള്ള സാക്ഷ്യം എഴുതുകയും ചെയ്തു. അതിനേയും ആരെങ്കിലും നിഷേധിക്കുകയാണെങ്കിൽ അവൻ വിഡ്ഢിയാണ്. പിന്നീട് അത്ഭുതമെന്ന് പറയുന്നത്, ഏതെങ്കിലും കാര്യത്തിൽ അഭിപ്രായം പറയണമെങ്കിൽ അവന് അത്യാവശ്യമായും അറിവുണ്ടാകണമെന്നതാണ്. അറിവില്ലാത്തവന് അഭിപ്രായം പറയാൻ ഒരു അവകാശവുമില്ല. അവൻ അഭിപ്രായം പറയുകയാണെങ്കിൽ മൂഢനും വിഡ്ഢിയുമെന്ന് പറയപ്പെടുകയില്ലേ? തീർച്ചയായും പറപ്പെടും. എന്നല്ല മറ്റുള്ള ബുദ്ധിമാന്മാർ മൂഢാ! നിനക്ക് അറിവു തന്നെയില്ലെങ്കിൽ നീ പിന്നെ അഭിപ്രായം പറയാൻ നിൽക്കുന്നതെന്തിനെന്ന് ചോദിച്ച് അവനെ നാണം കെടുത്തുകയും ചെയ്യും. ഇപ്രകാരം ദൈവമില്ലെന്ന് പറയുമ്പോൾ, ദൈവസംബന്ധമായ അറിവില്ലാതിരിക്കെ, ഒരി

ശേഷം പേജ് 10 ൽ

**നബിﷺതിരുമേനി എറ്റവും വലിയ ബിംബമായ ഹുബുലിനുമേൽ തന്റെ വടികൊണ്ടടിക്കുകയും അത് വീണ് പൊട്ടുകയും ചെയ്തപ്പോൾ ഒരു സ്വഹാബി അബൂസുഫിയാനെ നോക്കിക്കൊണ്ടു പറഞ്ഞു: അബൂസുഫിയാനേ! നിനക്ക് ഓർമയുണ്ടോ? ഉഹുദുദിവസം താങ്കൾ എത്ര അഹങ്കാരത്തോടെയാണ് 'ഉഅ്‌ലുൽ ഹുബുൽ ഉഅ്‌ലുൽ ഹുബുൽ' എന്ന് അതായത് ഹുബുലിന്റെ പ്രൗഢി ഉയരട്ടെ ഉയരട്ടെ എന്ന് മുദ്രാവാക്യം മുഴക്കിയത്.**
**ദൈവിക പ്രസ്ഥാനങ്ങളുടെ അഭിവൃദ്ധികളിൽ ശയ്ത്വാൻ എത്ര കണ്ട് തടസ്സമുണ്ടാക്കിയാലും എത്ര കണ്ട് ഗൂഢപദ്ധതികൾ ആസൂചത്രണം ചെയ്താലും അവസാനം അല്ലാഹുവിന്റെ നബി തന്നെയായിരിക്കും ജയിക്കുക.**
**ചിലർ ആക്ഷേപിക്കുന്നു: അല്ലാഹുവിനെ സംബന്ധിച്ച് അവൻ മാലിക്കാണെന്ന് എന്തിനാണ് പറഞ്ഞിട്ടുള്ളത്. അവൻ മലിക്കാണെന്ന് അതായത് രാജാധിരാജനാണെന്ന് എന്തുകൊണ്ടു പറഞ്ഞില്ല?**

സയ്യിദുനാ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്ؓ ഹജ്ജ് എന്ന അധ്യായത്തിലെ 57-58 വചനങ്ങൾക്കു നല്കിയ തഫ്സീറിൽ പറയുന്നു: "ഈ നിമിഷം വരുമ്പോൾ, ആ ദിവസം ഏകനായ അല്ലാഹുവിന്റെ ഭരണം ലോകത്ത് സ്ഥാപിതമാകുന്നതായിരിക്കും. ശിർക്കും കുഫ്റും ലോകത്തുനിന്ന് വിപാടനം ചെയ്യപ്പെടുന്നതായിരിക്കും. നിങ്ങൾ നോക്കുക, ഹദ്റത്ത് ഇബ്റാഹീമുംؑമകൻ ഇസ്മായീലുംؑഎക ദൈവത്തെ ആരാധിക്കുന്നതിനുവേണ്ടി നിർമിച്ച ആ ഭവനം- അതിനെ പിന്നീട് വഴിപിഴച്ചുപോയ അവരുടെ സന്താനങ്ങൾ 360 ബിംബങ്ങളെക്കൊണ്ട് നിറച്ചതായിരുന്നു- മക്ക ഫത്ഹിനുശേഷം എപ്രകാരമാണ് ബിംബവിമുക്തമാക്കിയത്. ഓരോരോ ബിംബവും കഷണം കഷണമാക്കി ദൈവഭവനത്തിൽനിന്ന് വെളിയിലേക്ക് എറിയപ്പെട്ടു. നബിﷺതിരുമേനി ***ജാഅൽ ഹഖ്ഖു വ സഹഖൽബാത്വിലു ഇന്നൽബാത്വില കാന സഹൂഖാ*** എന്നു പറഞ്ഞുകൊണ്ട് ഓരോരോ ബിംബത്തിന്റേയുംമേൽ വടികൊണ്ടടിച്ചു. അതായത് സത്യം വന്നു. അസത്യം അപ്രത്യക്ഷമായി. അസത്യം അപ്രത്യക്ഷമാകുന്നതുതന്നെയാണ്. നബിﷺ തിരുമേനി എറ്റവും വലിയ ബിംബമായ ഹുബുലിനുമേൽ തന്റെ വടികൊണ്ടടിക്കുകയും അത് വീണ് പൊട്ടുകയും ചെയ്തപ്പോൾ ഒരു സ്വഹാബി അബൂസുഫിയാനെ നോക്കിക്കൊണ്ടു പറഞ്ഞു: അബൂസുഫിയാനേ!നിനക്ക് ഓർമയുണ്ടോ? ഉഹുദുദിവസം താങ്കൾ എത്ര അഹങ്കാരത്തോടെയാണ് '***ഉഅ്‌ലുൽ***

ശേഷം പേജ് 8 ൽ

### ഈ ലക്കത്തിൽ

ജുമുഅ ഖുത്വ്ബ
04 ഒക്ടോബർ 2024

ഹദ്റത്ത് അമീറുൽ മുഅ്മിനീന്റെ
യൂറോപ്യൻ പര്യടനം

പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്‌മദ് നാസിർ, ഫദ്‌ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദ്ർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്‌റാൻ ബദ്ർ ബോർഡ്,ഖാദിയാൻ

## ഖുത്വ്ബ ജുമുഅ

**അല്ലാഹുമ്മ മുൻസിലൽ കിതാബി സരീഅൽ ഹിസാബി ഇഹ്സിമിൽഅഹ്സാബ
അല്ലാഹുമ്മഹ്സിംഹും വ സൽസിൽഹും**

**അല്ലാഹുവേ എനിക്കുമേൽ വിശുദ്ധ ഖുർആൻ ഇറക്കിയവനും തന്റെ ദാസന്മാരോടു വളരെവേഗം കണക്കു ചോദിക്കാൻ കഴിയുന്നവനുമായ നാഥാ! ഇവിടെ ഒരുമിച്ചുകൂടി വന്നിട്ടുള്ള സംഘത്തെ നീ പരാജയപ്പെടുത്തേണമേ. അല്ലാഹുവേ ഞാൻ വീണ്ടും അപേക്ഷിക്കുകയാണ്, നീ അവരെ പരാജയപ്പെടുത്തേണമേ.**

**ഒരു ദിവസം ആക്രമണം ശക്തമാകുകയും മുസ്‌ലിമീങ്ങൾക്ക് ചില നമസ്കാരങ്ങൾ യഥാസമയം നമസ്കരിക്കാൻ കഴിയാതെ വരികയും ചെയ്തു. അതിൽ നബിﷺതിരുമേനിക്ക് വളരെയേറെ വിഷമമുണ്ടായിരുന്നു. നബിﷺതിരുമേനി പറഞ്ഞു: 'അല്ലാഹു സത്യനിഷേധികൾക്ക് ശിക്ഷ നൽകുമാറാകട്ടെ, അവർ നമ്മുടെ നമസ്കാരങ്ങൾ നഷ്ടപ്പെടുത്തി.'........ ഇത് നബിﷺതിരുമേനിയുടെ ധാർമികപരമായ സ്വഭാവത്തിലേക്കും വെളിച്ചം വീശുന്നുണ്ട്. മാത്രമല്ല നബിﷺതിരുമേനിക്ക് ലോകത്ത് ഏറ്റവും ഇഷ്ടമുള്ള സംഗതി അല്ലാഹുവിന് ഇബാദത്ത് ചെയ്യുന്നതായിരുന്നുവെന്നും മനസ്സിലാകുന്നു. (ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്رضی اللہ عنہ).**

**നബിﷺതിരുമേനി ഭയപ്പാടുള്ള ദിവസങ്ങളിലും അഞ്ചുനേര നമസ്കാരങ്ങളും യഥാസമയം അനുഷ്ഠിക്കുമായിരുന്നു. ഏതെങ്കിലുമൊരു ദിവസം ശത്രുക്കളുടെ ശക്തമായ ആക്രമണംകൊണ്ട് സ്വസ്ഥമായും സമാധാനമായും യഥാസമയം തന്റെ നാഥന്റെ നാമം ഉരുവിടാൻ കഴിയാതെ വന്നപ്പോൾ നബിﷺതിരുമേനിക്ക് വളരെയേറെ പ്രയാസമനുഭവപ്പെട്ടു.**

**ഹുദയ്ഫرضی اللہ عنہ പറയുന്നു: ഞാൻ പുറപ്പെട്ടപ്പോൾ കാണുന്നത്, എന്റെ ശരീരത്തിൽ തണുപ്പിന്റെ ഒരു ലാഞ്ചനപോലുമില്ലാത്തതാണ്. ഒരു സമയത്ത് ഞാൻ തണുപ്പുകാരണം വിറ കൊള്ളുകയായിരുന്നു. പറയുന്നു: ഇപ്പോൾ തണുപ്പിന്റെ പേരും ചൂരും പോലുമില്ല. മറിച്ച് ഞാനൊരു ചൂടുള്ള കുളിപ്പുരയിലൂടെ പോകുന്നതായാണ് അനുഭവപ്പെട്ടത്.**

**അപ്പോൾ നബിﷺതിരുമേനി അല്ലാഹുവിന്റെ സൈന്യത്തിന് നന്ദി പറഞ്ഞു. ഇത് നമ്മുടെ പരിശ്രമവും കയ്യൂക്കും കൊണ്ടു സാധ്യമല്ല. മറിച്ച് അല്ലാഹുവിന്റെ അനുഗ്രഹം കൊണ്ടുമാത്രമേ സാധ്യമാവുകയുള്ളൂ. അവനൊറ്റ നിമിഷം കൊണ്ട് അഹ്സാബിനെ(സഖ്യകക്ഷികളെ) പരാജയപ്പെടുത്തി.**

**ലോകത്തിന്റെ അവസ്ഥ നിങ്ങൾക്കറിയാവുന്നതുപോലെ അനുദിനം വഷളായിക്കൊണ്ടിരിക്കുകയാണ്. അത് നാശത്തിലേക്ക് പോയികൊണ്ടിരിക്കുന്നു. വൻശക്തികളും നീതിപൂർവ്വം പ്രവർത്തിക്കേണ്ടതാണ്. യുദ്ധം പരന്നു തുടങ്ങുകയാണ്. അല്ലാഹു അഹ്മദികളെയും നിരപരാധികളെയും ഇതിന്റെ ഭയാനകതയിൽ നിന്നും ദുഷ്പ്രഭാവത്തിൽനിന്നും രക്ഷിക്കുമാറാകട്ടെ. അതിനുവേണ്ടി അല്ലാഹുവുമായുള്ള ബന്ധം നമ്മൾ വർദ്ധിപ്പിക്കേണ്ടതാണ്. ഇതിൽ എല്ലാ അഹ്മദികളുടേയും ശ്രദ്ധവേണ്ടതാണ്.**

**പാക്കിസ്താനിലും അഹ്മദികളുടെ അവസ്ഥ വളരെവളരെ മോശമാണ്. അവർക്കുവേണ്ടിയും ദുആ ചെയ്യുക.**

**ബംഗ്ലാദേശിലെ അഹ്മദികൾക്കുവേണ്ടിയും ദുആ ചെയ്യുക. അവർക്കുമേലും വളരെയേറെ ദ്രോഹങ്ങളുണ്ടായിക്കൊണ്ടിരിക്കുന്നു. അല്ലാഹു എല്ലാവരിലും കരുണയും അനുഗ്രഹവും വർഷിക്കുമാറാകട്ടെ.**

**ഖൻദഖ് യുദ്ധത്തിന്റെ പശ്ചാത്തലത്തിൽ നബിﷺതിരുമേനിയുടെ ചരിത്രവിവരണം**

**ഇപ്രകാരം ലോകത്തിന്റെ അവസ്ഥകളും പാക്കിസ്താനിലേയും ബംഗ്ലാദേശിലേയും അഹ്മദികൾക്കുവേണ്ടി ദുആ ചെയ്യാനുള്ള ആഹ്വാനവും**

**ഖുത്ബ ജുമുഅ 2024 ഒക്ടോബർ 04, 1403 അഖാഅ് 04, മസ്ജിദ് മുബാറക്, ഇസ്‌ലാമാബാദ്, ടിൽഫോർഡ് (സർറെ) യു.കെ.**

ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്
ایدہ اللہ تعالیٰ بنصرہ العزیز

أَشْهَدُ أَنْ لَّا إِلٰهَ إِلَّا اللّٰهُ وَحْدَهُ لَا شَرِيكَ لَهُ وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهُ وَرَسُولُهُ
أَمَّا بَعْدُ فَأَعُوذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيمِ ○ بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيمِ ○
اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ ○ الرَّحْمٰنِ الرَّحِيْمِ ○ مٰلِكِ يَوْمِ الدِّيْنِ ○ إِيَّاكَ نَعْبُدُ وَإِيَّاكَ نَسْتَعِيْنُ ○
اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ ○ صِرَاطَ الَّذِيْنَ أَنْعَمْتَ عَلَيْهِمْ ۙ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ ○

ഇപ്പോൾ ഖുത്ബകളിൽ അഹ്സാബ് യുദ്ധത്തെ കുറിച്ചാണ് പറഞ്ഞുവരുന്നത്. അഹ്സാബ് യുദ്ധത്തെ സംബന്ധിച്ച കൂടുതൽ വിവരങ്ങൾ ഇപ്രകാരമാകുന്നു; കിടങ്ങിന്റെ മറുകര കടന്നെങ്കിലും മുശ്‌രിക്കീങ്ങൾക്ക് ഒരു വിജയവും കൈവരിക്കാനായില്ല. മാത്രമല്ല അവർക്ക് വളരെ നിരാശയും അനുഭവപ്പെട്ടു. അപ്പോൾ അവർ രാവിലെ സംഘടിച്ച് ആക്രമണം നടത്താമെന്നും ആരും വിട്ടുപോകരുതെന്നും തീരുമാനമെടുത്തു. അവർ രാത്രി മുഴുവൻ തയ്യാറെടുപ്പു നടത്തിക്കൊണ്ടിരുന്നു. രാവിലെ സൂര്യനുദിക്കുന്നതിനുമുമ്പേ നബിﷺതിരുമേനിക്കു മുമ്പിൽ അവർ കിടങ്ങിലെത്തി. മുശ്‌രിക്കുകൾ എല്ലാ ഭാഗത്തുനിന്നും കിടങ്ങിനെ വലയം ചെയ്തു. ഒരു സൈന്യം നബിﷺതിരുമേനിയുടെ കൂടാരത്തെ ലക്ഷ്യം വെച്ചുകൊണ്ടിരുന്നു. അതിൽ ഖാലിദ് ബിൻ വലീദുമുണ്ടായിരുന്നു. കൂടെക്കൂടെ കിടങ്ങിന്റെ മറുകര കടക്കാനുള്ള പരിശ്രമത്തോടൊപ്പം ശക്തമായ രീതിയിലുള്ള അമ്പെയ്ത്തുപോരാട്ടവും നടന്നിരുന്നു. സത്യനിഷേധികൾ സന്ദർഭം കിട്ടുമ്പോൾ കിടങ്ങിന്റെ മറുകര കടക്കാൻ, മുസ്‌ലിമീങ്ങൾ ഏതെങ്കിലും വിധത്തിൽ അശ്രദ്ധരാകുന്നതും കാത്തു കഴിയുകയായിരുന്നു. അവർ ഈ ആക്രമണവും പരിശ്രമവും ഇടയ്ക്കിടെ നടത്തിക്കൊണ്ടേയിരുന്നു. ഈ സന്ദർഭത്തിൽ വഹ്ശി ബിൻ ഹർബ് ത്വുഫയ്ൽ ബിൻ നുഅ്മാനെ, ചിലർ പറയുന്നത് ത്വുഫയ്ൽ ബിൻ മാലിക് ബിൻ നുഅ്മാൻ അൻസ്വാരിയെ തന്റെ ചെറിയ കുന്തംകൊണ്ട് ശക്തമായി കുത്തി ശഹീദാക്കി. ഹദ്റത്ത് സഅ്ദ് ബിൻ മുആദിനും ഒരു അമ്പേറ്റിരുന്നു. അങ്ങനെ അദ്ദേഹത്തിനു പരിക്കേൽക്കുകയും ഈ പരിക്ക് കാരണം കുറച്ചു ദിവസങ്ങൾക്കു ശേഷം അദ്ദേഹം ശഹീദാകുകയും ചെയ്തു. *(സുബുലുൽ ഹുദാ വർറശാദ് വാല്യം 4, പേജ് 380, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത്) (സീറത്ത് എൻസൈക്ലോപീഡിയ വാല്യം 7, പേജ് 345, പ്രസാധനം ദാറുസ്സലാം രിയാള്)*

ഈ ദിവസം തന്നെയാണ് മുസ്‌ലിമീങ്ങൾക്ക് നമസ്കാരം യഥാസമയം അനുഷ്ഠിക്കാൻ കഴിയാതെ വന്നതും. അന്നേദിവസം തുടർച്ചയായ തിരക്കുകളും കൂടെക്കൂടെയുള്ള ആക്രമണങ്ങളും കാരണമാണ് അങ്ങനെ സംഭവിച്ചത്. വിവരിക്കപ്പെട്ട സംഭവങ്ങളിൽനിന്ന് മനസ്സിലാകുന്നത്

നിവേദകന് ഈ കാര്യങ്ങളെ ശരിയായ രീതിയിൽ സ്വരൂപിക്കാൻ കഴിഞ്ഞിട്ടില്ലെന്നാണ്. കുറച്ചുകാലം കഴിഞ്ഞപ്പോൾ വിഷയം ഇങ്ങനെയായി, അതായത് ആ ദിവസം നബിﷺതിരുമേനി അടക്കമുള്ള മുസ്‌ലിമീങ്ങൾക്ക് ളുഹ്ർ, അസ്ർ നമസ്കാരങ്ങൾ സൂര്യാസ്തമയത്തിനു മുമ്പേ അനുഷ്ഠിക്കാൻ കഴിഞ്ഞില്ല. ഈ നസ്കാരങ്ങൾ സൂര്യാസ്തമയത്തിനുശേഷമാണ് അവർ നമസ്കരിച്ചത്. പൊതുവിൽ ഇത് സംബന്ധിച്ച് ഒരു കഥയും പറയപ്പെടുന്നുണ്ട്.

ചില ചരിത്രകാരന്മാർ ഇതിലൊരുപാട് അതിശയോക്തിയും കാണിക്കുന്നുണ്ട്. മുസ്‌ലിമീങ്ങൾക്ക് സമയത്ത് നമസ്കരിക്കാൻ കഴിയുന്നതിന് അല്ലാഹു അസ്തമിച്ച സൂര്യനെ തിരിച്ചയച്ചുവത്രേ! വാസ്തവത്തിൽ അങ്ങനെയൊന്നുമുണ്ടായിട്ടില്ല. അന്നേദിവസം വളരെ കഠിനമായ ദിവസമായിരുന്നു എന്നതിൽ ഒരു തർക്കവുമില്ല. നബിﷺതിരുമേനി അടക്കമുള്ള മുസ്‌ലിമീങ്ങൾ തുടർച്ചയായ ആക്രമണത്തിന്റെ വലയത്തിലായിരുന്നു. എന്നാൽ, എല്ലാവർക്കും പ്രത്യേകിച്ച് നബിﷺതിരുമേനിക്ക് ഒരു നമസ്കാരവും നമസ്കരിക്കാൻ കഴിയാത്ത അവസ്ഥയുമല്ലായിരുന്നു. അന്ന് വളരെ പ്രയാസഭരിതമായ ദിവസമായിരുന്നു. അതേസമയം നമസ്കാരം തീരെ അനുഷ്ഠിക്കാൻ പറ്റാത്ത സാഹചര്യവുമായിരുന്നില്ല. ആ ദിവസവും നമസ്കാരങ്ങൾ അനുഷ്ഠിച്ചു കൊണ്ടിരുന്നു. പക്ഷേ, ഒരു തുടർച്ചയായ ഭയവും അസ്വസ്ഥതയുമുള്ള അവസ്ഥയിലാണ് ഈ നമസ്കാരങ്ങൾ അനുഷ്ഠിച്ചു കൊണ്ടിരുന്നത്. മനസ്സിലാക്കാൻ കഴിയുന്നത് അസ്റിന്റെ നേരത്ത് ആക്രമണം വളരെയേറെ തീവ്രമായി. അങ്ങനെ അസ്ർ നമസ്കാരം അനുഷ്ഠിക്കുന്നതിൽ പ്രയാസം നേരിട്ടുണ്ടാകാം. അത് പിന്നീട് വിഷമമുള്ള നേരത്ത് നമസ്കരിക്കേണ്ടി വന്നിട്ടുമുണ്ടാകാം.

ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ്رضഇതിങ്ങനെ വിവരിക്കുന്നു: അന്നേദിവസം മുസ്‌ലിമീങ്ങൾക്ക് എല്ലാ നമസ്കാരങ്ങളും യഥാസമയം അനുഷ്ഠിക്കാൻ കഴിഞ്ഞില്ലെന്ന് പറയുന്നത് ശരിയല്ല. അതായത് ഒരു നമസ്കാരവും അനുഷ്ഠിക്കാൻ കഴിഞ്ഞില്ലെന്ന് പറയുന്നുണ്ടല്ലോ, അത് ശരിയല്ല. മറിച്ച് ശരിയായ നിവേദനങ്ങളിൽനിന്ന് മനസ്സിലാക്കാൻ കഴിയുന്നത് ഇത്രമാത്രമാണ്; ആ സമയത്ത് സ്വലാത്തുൽ ഖൗഫ് (യുദ്ധവേളയിലെ നമസ്കാരം) ആരംഭിച്ചിട്ടില്ലായിരുന്നു. അതുകൊണ്ട് തുടർച്ചയായ അപകടവും തിരക്കും കാരണം ഒരു നേരത്തെ നമസ്കാരം അതായത് അസ്റിന്റെ സമയം തെറ്റി, അത് മഗ്‌രിബുമായി ചേർത്ത് നമസ്കരിക്കേണ്ടി വന്നു. ചില നിവേദനങ്ങളനുസരിച്ച് ളുഹ്ർ-അസ്ർ നമസ്കാരങ്ങൾ അസമയത്ത് അനുഷ്ഠിക്കേണ്ടിവന്നു. ചില നിവേദനങ്ങളുടെ അടിസ്ഥാനത്തിൽ വെറും ളുഹ്റും -അസ്റും മാത്രമാണ് അസമയത്ത് നിർവഹിച്ചത്. *(സീറത്ത് ഖാത്തമുന്നബിയ്യീൻ, ഹദ്റത്ത് സാഹിബ്സാദ മിർസാ ബശീർ അഹ്മദ് സാഹിബ്رضഎം.എ. പേജ് 588)*

ഹദറത്ത് മുസ്‌ലിഹ് മൗഊദ്رضഇതു സംബന്ധമായി വിവരിക്കുന്നുണ്ട്. അദ്ദേഹം എഴുതിയിരിക്കുന്നു: ഒരു ദിവസം ശക്തമായ ആക്രമണമുണ്ടാകുകയും മുസ്‌ലിമീങ്ങൾക്ക് ചില നമസ്കാരങ്ങൾ യഥാസമയം നമസ്കരിക്കാൻ കഴിയാതെ വരികയും ചെയ്തു. അതിൽ നബിﷺതിരുമേനിക്ക് വളരെയേറെ വിഷമമുണ്ടായിരുന്നു. നബിﷺതിരുമേനി പറഞ്ഞു: 'അല്ലാഹു സത്യനിഷേധികൾക്ക് ശിക്ഷ നൽകുമാറാകട്ടെ, അവർ നമ്മുടെ നമസ്കാരങ്ങൾ നഷ്ടപ്പെടുത്തി.' ഇത് നബിﷺതിരുമേനിയുടെ ധാർമികപരമായ സ്വഭാവത്തിലേക്കും വെളിച്ചം വീശുന്നുണ്ട്. മാത്രമല്ല നബിﷺതിരുമേനിക്ക് ലോകത്ത് ഏറ്റവും ഇഷ്ടമുള്ള സംഗതി അല്ലാഹുവിന് ഇബാദത്ത് ചെയ്യുന്നതായിരുന്നുവെന്നും മനസ്സിലാകുന്നു. അപ്പോഴാകട്ടെശത്രുക്കൾ നാലു ഭാഗത്തുനിന്നും മദീനയെ വലയം ചെയ്ത സന്ദർഭം കൂടിയായിരുന്നു. മദീനയിലെ പുരുഷന്മാരുടെ മാത്രമല്ല സ്ത്രീകളുടെയും കുട്ടികളുടെയും ജീവൻ പോലും അപകടത്തിലായിരുന്നു. ശത്രുക്കളേതെങ്കിലും വിധത്തിൽ മദീനയുടെ അകത്ത് പ്രവേശിക്കുമോ എന്ന ആശങ്കയിലായിരുന്നു മദീനവാസികളുണ്ടായിരുന്നത്. ആ സമയത്തും നബിﷺതിരുമേനിയുടെ ആഗ്രഹം അല്ലാഹുവിന്റെ ഇബാദത്ത് യഥാസമയം നല്ല രീതിയിൽ നിർവഹിക്കണമെന്ന് മാത്രമായിരുന്നു. അതായത് ഭയപ്പാടിന്റെ അങ്ങേയറ്റത്തെ അവസ്ഥയിലും നബിﷺതിരുമേനിയുടെ ആഗ്രഹം ഇബാദത്തുകൾ നഷ്ടപ്പെടരുതെന്നത് മാത്രമായിരുന്നു. മുസ്‌ലിമീങ്ങളുടെ ഇബാദത്ത് യഹൂദികളുടെയും ക്രിസ്ത്യാനികളുടെയും ഹിന്ദുക്കളുടെയും പോലെ ആഴ്ചയിൽ ഒരു ദിവസം അനുഷ്ഠിച്ചാൽ പോരാ. പ്രത്യുത മുസ്‌ലിമീങ്ങളുടെ ഇബാദത്ത് രാപ്പകൽ അഞ്ചു നേരം അനുഷ്ഠിക്കാനുള്ളതാണ്. ഇത്രയും ഭയാനകമായ അവസ്ഥയിൽ അഞ്ചുനേരം പോകട്ടെ ദിവസത്തിലൊരു നേരംപോലും നമസ്കരിക്കുന്നത് അതും വളരെ നല്ല രീതിയിൽ അനുഷ്ഠിക്കുന്നത് ബുദ്ധിമുട്ടുള്ള കാര്യമാണ്. പക്ഷേ, നബിﷺതിരുമേനി ഭയപ്പാടുള്ള ദിവസങ്ങളിലും അഞ്ചുനേര നമസ്കാരങ്ങളും യഥാസമയം അനുഷ്ഠിക്കുമായിരുന്നു. ഏതെങ്കിലുമൊരു ദിവസം ശത്രുക്കളുടെ ശക്തമായ ആക്രമണംകൊണ്ട് സ്വസ്ഥമായും സമാധാനമായും യഥാസമയം തന്റെ നാഥന്റെ നാമം ഉരുവിടാൻ കഴിയാതെ വന്നപ്പോൾ നബിﷺതിരുമേനിക്ക് വളരെയേറെ പ്രയാസമനുഭവപ്പെട്ടു." *(ദീബാച്ച തഫ്സീറുൽ ഖുർആൻ, അൻവാറുൽഉലൂം വാല്യം 20, പേജ് 273-274)*

ഇക്കാലഘട്ടത്തിലെ വിധികർത്താവായ മസീഹ് മൗഊദ് അഥവാ വാഗ്ദത്ത മസീഹ്عഈ എല്ലാ നിവേദനങ്ങളെയും അതായത് എല്ലാ നമസ്കാരങ്ങളും രാത്രി ഒന്നിച്ച് നമസ്കരിച്ചു എന്ന നിവേദനങ്ങളെ ദുർബലമാണെന്ന് വിധിച്ചിരിക്കുന്നു. ഒരു നിവേദനം മാത്രമാണ് അദ്ദേഹം ശരിയാണെന്ന് പറയുന്നത്. അതിൽ അസ്ർ നമസ്കാരം വളരെ കുറഞ്ഞ സമയം ബാക്കിയുള്ളപ്പോൾ അനുഷ്ഠിക്കേണ്ടി വന്ന പരാമർശം വരുന്നുണ്ട്. നബിﷺതിരുമേനിയുടെ നാലു നമസ്കാരങ്ങളും സമയം തെറ്റിയിരുന്നു വെന്ന് ഒരു പാതിരി ആക്ഷേപം ഉന്നയിച്ചതിന് മറുപടിയായി ആ മഹാത്മാവ് പറയുന്നു: "കിടങ്ങ് കുഴിക്കുമ്പോൾ നാലു നമസ്കാരങ്ങളൊന്നിച്ച് നമസ്കരിച്ചു എന്ന ബുദ്ധിശൂന്യമായ ആരോപണത്തിനുള്ള മറുപടി ഇപ്രകാരമാണ്. അല്ലാഹു പറയുന്നു: ദീനിൽ ഒരുവിധ നിർബന്ധവുമില്ല. അതായത് മനുഷ്യനെ നശിപ്പിക്കുന്നതിനു കാരണ ഹേതുവായ ഒരു നിർബന്ധവുമില്ല. അതുകൊണ്ട് അവൻ അവശ്യസമയങ്ങളിലും പ്രയാസഘട്ടങ്ങളിലും നമസ്കാരങ്ങൾ ജംഅ്-ഖസ്വാക്കി നമസ്കരിക്കാൻ വിധിച്ചിട്ടുണ്ട്. പക്ഷേ, ഈ സന്ദർഭത്തിൽ നമ്മുടെ വിശ്വാസയോഗ്യമായ ഒരു ഹദീഥിലും നാലു നമസ്കാരങ്ങളൊന്നിച്ച് നമസ്ക്കരിച്ചുവെന്ന പരാമർശം പോലുമില്ല. അത് ശരിയായിരിക്കാമെങ്കിൽപ്പോലും ഒരു വിശ്വാസയോഗ്യമായ ഹദീഥിലും നാലുനമസ്കാരങ്ങളൊന്നിച്ചു നമസ്കരിച്ചുവെന്നു കാണുന്നില്ല. സ്വഹീഹ് ബുഖാരിയുടെ വ്യാഖ്യാനമായ ഫത്ഹുൽ ബാരിയിലെഴുതുന്നു: ഉണ്ടായ സംഭവം ഇത്ര മാത്രമേയുള്ളൂ, ഒരു നമസ്കാരം അതായത് അസ്ർ നമസ്കാരം സാധാരണഗതിയിൽനിന്ന് വ്യത്യസ്തമായി കുറഞ്ഞ സമയത്തിനുള്ളിൽ നമസ്കരിക്കേണ്ടിവന്നു."

ആ മഹാത്മാവ് പറയുന്നു: 'ഈ സമയത്ത് താങ്കൾ എന്റെ മുന്നിലുണ്ടായിരുന്നെങ്കിൽ താങ്കളെ പിടിച്ചിരുത്തി ഇതെവിടെനിന്നാണ് എടുത്തതെന്ന് ചോദിക്കുമായിരുന്നു.' ഹദ്റത്ത് മസീഹ് മൗഊദ്عഎതിരാളിയെ സംബോധന ചെയ്തുകൊണ്ട് പറയുന്നു: 'ഈ സമയത്ത് താങ്കൾ എന്റെ മുന്നിലുണ്ടായിരുന്നെങ്കിൽ താങ്കളെ പിടിച്ചിരുത്തി ഇതെവിടെനിന്നാണ് എടുത്തതെന്ന് ചോദിക്കുമായിരുന്നു.' നാലു നംസ്കാരങ്ങളും സമയം തെറ്റി എന്നത് ***മുത്തഫിഖുൻ അലയ്ഹി*** (ബുഖാരിയിലും മുസ്‌ലിമിലും) വന്ന നിവേദനമാണോ? നാലുനമസ്കാരങ്ങൾ ശരിഅത്തനുസരിച്ച് അതായത് ളുഹ്റും അസ്വറും ചേർത്തും മഗ്‌രിബും ഇശായും ചേർത്തും മാത്രമേ ജംആക്കാൻ പാടുള്ളൂ. ദുർബലമായൊരു നിവേദനത്തിൽ ളുഹ്റും അസ്വറും മഗ്‌രിബും ഇശായും ഒന്നിച്ച് നമസ്കരിച്ചുവെന്ന് പറയപ്പെടുന്നുണ്ട്. എന്നാൽ, മറ്റു സ്വഹീഹായ ഹദീഥുകൾ അതിനെ നിരാകരിക്കുന്നു. അസ്ർ വളരെ കുറഞ്ഞ സമയം ബാക്കിയുള്ളപ്പോൾ അനുഷ്ഠിക്കേണ്ടി വന്നുവെന്ന് മാത്രമേ സ്ഥാപിതമാകുന്നുള്ളൂ.' *(നൂറുൽ ഖുർആൻ നമ്പർ 2, റൂഹാനീ ഖസാഇൻ വാല്യം 9, പേജ് 390)*

ഒരു ദിവസത്തിൽ എല്ലാ നമസ്കാരങ്ങളും ഒരുമിച്ചുകൂട്ടി നമസ്കരിച്ചുവെന്നത് ശരിയല്ല. മറിച്ച് വളരെ കുറഞ്ഞ സമയത്തിനുള്ളിൽ അസ്ർ നമസ്കരിക്കേണ്ടി വന്നു. കുറച്ച് സമയം മാത്രമേ ബാക്കിയുണ്ടായിരുന്നുള്ളൂ. അതുകൊണ്ട് അത് യഥാവിധി സാവധാനത്തിൽ നമസ്കരിക്കാൻ കഴിഞ്ഞില്ലെന്നതിൽ നബിﷺതിരുമേനിക്ക് വിഷമമുണ്ടായിരുന്നു.

അഹ്സാബ് യുദ്ധത്തിന്റെ വിശദീകരണത്തിൽ തുടർന്നെഴുതുന്നു: ഖൻദഖ് യുദ്ധം മുസ്‌ലിമീങ്ങളെ സംബന്ധിച്ചിടത്തോളം ശക്തി ക്ഷയിപ്പിക്കുന്നതായിരുന്നു. യുദ്ധഭീതിക്കുപുറമെ വിശപ്പും കാലാവസ്ഥയുടെ കാഠിന്യവും ഉച്ചിയിലെത്തിയിരുന്നു. ദിവസങ്ങളോളം പട്ടിണി കിടക്കേണ്ടി വന്നിരുന്നു. അന്നൊരിക്കൽ അദൃശ്യത്തിൽ നിന്ന് ഒരു സഹായം വന്നു. മുസ്‌ലിമീങ്ങളുടെ ആയുധധാരികളായ ഒരു സംഘം തങ്ങളുടെ ഒരു ബന്ധുവിനെ സംസ്കരിക്കാൻ കൊണ്ടുപോകുകയായിരുന്നു, അവർക്ക് 20 ഒട്ടകങ്ങളേറ്റിക്കൊണ്ടുപോകാവുന്നത്ര വസ്തുക്കൾ ലഭിച്ചു. അത് ബനൂഖുറയ്ളയിൽനിന്ന് സാധനങ്ങൾ വാങ്ങി മക്കയിലേക്ക് കൊണ്ടുപോകുന്നതായിരുന്നു. ഇത് ഹുയയ് ബിൻ അഖ്ത്വബിന്റെ ശിപാർശയും പ്രത്യേകമായ പരിശ്രമ ഫലവുംകൊണ്ട് അയച്ചതായിരുന്നു. ഒരു ചെറിയ മൽപ്പിടിത്തത്തിലൂടെ എല്ലാ ഒട്ടകങ്ങളെയും അവർ തങ്ങളുടെ വരുതിയിലാക്കി. നബിﷺതിരുമേനിക്കു മുന്നിലെത്തിച്ചു. ഖൻദഖുകാർ

അതിൽനിന്ന് കുറച്ചു ഭക്ഷിച്ചു. ചില ഒട്ടകങ്ങളെ ബലിയറുക്കുകയും ബാക്കിയുള്ളവയെ യുദ്ധാവസാനം മുസ്‌ലിമീങ്ങൾ മദീനയിൽ കൊണ്ടുപോകുകയും ചെയ്തു. ഖുറയ്ശികളുടെ സൈന്യാധിപനായ അബൂസുഫിയാൻ ഇതേക്കുറിച്ചറിഞ്ഞപ്പോൾ പറഞ്ഞു: ഹുയയ് ബിൻ അഖ്ത്വബ് എത്രമാത്രം ദുശ്ശകുനം പിടിച്ചവനാണ്! ഇനി നമ്മൾ തിരികെ പോകുമ്പോൾ നമുക്കു നമ്മുടെ സാധനങ്ങൾ വഹിച്ചു കൊണ്ടുപോകാൻ ഒരു മൃഗവും ബാക്കിയില്ല. *(സുബുലുൽ ഹുദാ വർറശാദ് വാല്യം 4, പേജ് 382 ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റൂത്ത്).* ഇനി തിരിച്ചു പോകുമ്പോൾ നമ്മുടെ സാധനങ്ങൾ കൊണ്ടുപോകാൻ ഒരു മൃഗവും നമ്മുടെ പക്കലില്ല.യുദ്ധ സാഹചര്യങ്ങളിൽ അവരുടെ ഉപരോധം ശരിയാണെങ്കിൽ അവരുടെ സാധനങ്ങൾ പിടിച്ചെടുത്തതും തികച്ചും അനുവദനീയം തന്നെയായിരുന്നു.

നബിﷺതിരുമേനി അഹ്സാബിന്നെതിരെ ചെയ്ത ശാപ പ്രാർഥനയെ സംബന്ധിച്ചും പരാമർശമുണ്ട്. അതിപ്രകാരമാകുന്നു: ഹദ്റത്ത് ജാബിർ ബിൻ അബ്ദുല്ലാഹ്رضനിവേദനം. നബിﷺതിരുമേനി തിങ്കളാഴ്ചയും ചൊവ്വാഴ്ചയും ബുധനാഴ്ചയും ളുഹ്റിനും അസ്റിനുമിടയിൽ വന്നു. പിന്നെ തന്റെ മേലുള്ള പുതപ്പ് വെച്ചു. അവിടെ നിന്ന് കൈകളുയർത്തി അഹ്സാബിനെതിരെ ശാപ പ്രാർഥന ചെയ്തു. ഹദ്റത്ത് ജാബിർرض പറയുന്നു; ഞങ്ങൾ നബിﷺതിരുമേനിയുടെ മുഖത്തുള്ള സന്തോഷം കാണുന്നുണ്ടായിരുന്നു. ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ ഉബയ്യ് ബിൻ ഔഫാ വിവരിക്കുന്നു: നബിﷺതിരുമേനി അഹ്സാബിന്നെതിരിൽ ശാപപ്രാർഥന നടത്തി. അബൂനുഅയിം കുറെ കൂടി ഇതു സംബന്ധിച്ച് പറയുന്നുണ്ട്. നബിﷺ തിരുമേനി കാത്തിരിക്കുകയും അങ്ങനെ സൂര്യൻ അസ്തമിക്കുകയും ചെയ്തപ്പോൾ എഴുന്നേറ്റുനിന്ന് പറഞ്ഞു: 'അല്ലയോ ജനങ്ങളേ! നിങ്ങൾ ശത്രുക്കളുമായി യുദ്ധം ആഗ്രഹിക്കരുത്, നിങ്ങൾ അല്ലാഹുവിനോടു സൗഖ്യം തേടുവിൻ, നിങ്ങളുടെ ശത്രുക്കളുമായി പൊരുതേണ്ടി വന്നാൽ നിങ്ങൾ സഹനം കൈക്കൊള്ളുക. അറിയുക, സ്വർഗം വാളുകളുടെ തണലുകളിലാകുന്നു.

പിന്നീട് പറഞ്ഞു: ***അല്ലാഹുമ്മ മുൻസിലൽ കിതാബി സരീഅൽ ഹിസാബി ഇഹ്സിമിൽഅഹ്സാബ അല്ലാഹുമ്മഹ്സിംഹും വൻസുർനാ അലയ്ഹിം***

അല്ലാഹുവേ ഗ്രന്ഥം ഇറക്കുന്നവനും ദ്രുതഗതിയിൽ കണക്കെടുപ്പു നടത്തുന്നവനുമായ നാഥാ! നീ സൈന്യങ്ങളെ പരാജയപ്പെടുത്തേണമേ, അല്ലാഹുവേ! അവരെ പരാജയപ്പെടുത്തേണമേ, അവർക്കെതിരിൽ ഞങ്ങളെ സഹായിക്കേണമേ.

ഒരു നിവേദനത്തിൽ ഈയൊരു ദുആയും രേഖപ്പെടുത്തിയിരിക്കുന്നു:

***അല്ലാഹുമ്മ ഇന്നീ അൻശുദുക്ക അഹ്ദക്ക വ വഅ്ദക്ക അല്ലാഹുമ്മ ഇൻ തശഅ ലാ തുഅ്ബദ്.***

അല്ലാഹുവേ! ഞാൻ നിന്നെ നിന്റെ ശപഥത്തിന്റേയും വാഗ്ദാനത്തിന്റേയും മധ്യസ്ഥനാക്കുന്നു. അല്ലാഹുവേ! നിന്റെ ഈ ഇബാദത്ത് ചെയ്യപ്പെടരുതെന്ന് നീ ആഗ്രഹിക്കുന്നുണ്ടോ!

അബൂസയീദ് ഖുദ്രീرض വിവരിക്കുന്നു: ഞങ്ങൾ പറഞ്ഞു, യാ റസൂലല്ലാഹ്! ഞങ്ങളുടെ കരളുകൾ വായിലെത്തിയിരിക്കുന്നു, അത്രയും മോശമായ അവസ്ഥയിലാണുള്ളത്. ഞങ്ങൾക്ക് പ്രാർഥിക്കാൻ വല്ല ദുആകളുമുണ്ടോ?

നബിﷺതിരുമേനി പറഞ്ഞു: ഉണ്ട്. നിങ്ങളിങ്ങനെ പ്രാർഥിക്കുവിൻ: ***അല്ലാഹുമ്മസ്തുർ ഔറാത്തിനാ വ ആമിൻ റൗആത്തിനാ***

അല്ലാഹുവേ! ഞങ്ങളുടെ ന്യൂനതകൾ മറച്ചുവെക്കേണമേ, ഞങ്ങളുടെ ഭയത്തെ അകറ്റുകയും ചെയ്യേണമേ.

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്رضപറയുന്നു: "ചില മുസ്‌ലിമീങ്ങൾ പരിഭ്രമചിത്തരായി നബിﷺതിരുമേനിയുടെ അടുത്തുവന്നു. അവർ പറഞ്ഞു: യാ റസൂലല്ലാഹ്! അവസ്ഥകൾ വളരെ ഭയാനകമായിട്ടുണ്ട്. പ്രത്യക്ഷത്തിൽ മദീന രക്ഷപ്പെടുമെന്നുള്ള ഒരു പ്രതീക്ഷയും കാണുന്നില്ല. അങ്ങ് ഈ സമയത്ത് അല്ലാഹുവിനോടു പ്രത്യേകമായി ദുആ ചെയ്താലും! അല്ലാഹു അനുഗ്രഹമിറക്കുന്നതിന് പര്യാപ്തമായ വല്ല ദുആയും ഞങ്ങൾക്കും പഠിപ്പിച്ചു തന്നാലും. നബിﷺതിരുമേനി പറഞ്ഞു: നിങ്ങൾ പരിഭ്രമിക്കണ്ട, നിങ്ങൾ അല്ലാഹുവിനോടിങ്ങനെ ദുആ ചെയ്യുക: നിങ്ങളുടെ ന്യൂനതകളെ മറച്ചുവയ്ക്കുന്നതിനും നിങ്ങളുടെ ഹൃദയങ്ങളെ സുദൃഢമാക്കുന്നതിനും പരിഭ്രമം ഇല്ലാതാക്കുന്നതിനും ദുആ ചെയ്യുക. തുടർന്ന് നബിﷺതിരുമേനിയും ഇങ്ങനെ ദുആ ചെയ്തു:

***അല്ലാഹുമ്മ മുൻസിലൽ കിതാബി സരീഅൽ ഹിസാബി ഇഹ്സിമിൽഅഹ്സാബ അല്ലാഹുമ്മഹ്സിംഹും വ സൽസിൽഹും*** ഇതുപോലെ തന്നെ ഈ ദുആ ചെയ്തു: ***യാ സരീഹിൽമക്റൂബീന യാ മുജീബൽ മുള്ത്വർരീനക്ശിഫ് ഹമ്മീ വ ഗമ്മീ വ കർബീ ഫഇന്നക്ക തറാ മാ നസലബീ വ ബി അസ്ഹാബീ***

അല്ലാഹുവേ എനിക്കുമേൽ വിശുദ്ധ ഖുർആൻ ഇറക്കിയവനും തന്റെ ദാസന്മാരോടു വളരെവേഗം കണക്കു ചോദിക്കാൻ കഴിയുന്നവനുമായ നാഥാ! ഇവിടെ ഒരുമിച്ചുകൂടി വന്നിട്ടുള്ള ഈ സംഘത്തെ നീ പരാജയപ്പെടുത്തിയാലും, അല്ലാഹുവേ ഞാൻ വീണ്ടും അപേക്ഷിക്കുകയാണ്, നീ അവരെ പരാജയപ്പെടുത്തേണമേ, അവർക്കുമേൽ ഞങ്ങൾക്ക് വിജയം നൽകേണമേ, അവരുടെ ഉദ്ദേശ്യങ്ങളെ നീ ശിഥിലമാക്കേണമേ, അല്ലയോ വേദനിക്കുന്നവന്റെ അർഥന കേൾക്കുന്നവനായ നാഥാ! പരിഭ്രമത്തിൽ അകപ്പെട്ടവരുടെ വിളിക്കുത്തരം നൽകുന്നവനായ നാഥാ!

ഈ ദുആയുടെ തർജമ ഇപ്രകാരമാകുന്നു: അല്ലയോ വേദനിക്കുന്നവന്റെ അർഥന കേൾക്കുന്നവനും പരിഭ്രമത്തിൽ അകപ്പെട്ടവരുടെ വിളിക്കുത്തരം നൽകുന്നവനുമായ നാഥാ! എന്റെ സങ്കടങ്ങളും എന്റെ ആശങ്കകളും എന്റെ പരിഭ്രമങ്ങളും അകറ്റേണമേ, എന്തെന്നാൽ, എനിക്കും എന്റെ സഖാക്കൾക്കും വന്നു ഭവിച്ചിട്ടുള്ള പ്രയാസങ്ങളെ സംബന്ധിച്ച് നിനക്ക് അറിയാവുന്നതാണല്ലോ! *(ദീബാച്ച തഫ്സീറുൽ ഖുർആൻ അൻവാറുൽഉലൂം വാല്യം 20 പേജ് 275)*

ചരിത്രത്തിൽ എഴുതിയിരിക്കുന്നു: യുദ്ധം അങ്ങനെ അതിന്റെ പാരമ്യതയിലെത്തിയിട്ടുണ്ടായിരുന്നു. മക്കയിലെ ഖുറയ്ശികളും അവരുടെ സഖ്യകക്ഷികളും നീണ്ടകാലത്തെ ഉപരോധം നടത്തുന്നതുകൊണ്ട് പ്രയാസത്തിലുമായിരുന്നു. എത്രയുംവേഗം ഒരു അവസാന ആക്രമണം നടത്തി മുസ്‌ലിമീങ്ങളെ വിപാടനം ചെയ്യുന്നതിൽ അവർ ധിറുതിപെടുകയായിരുന്നു. കാരണം യുദ്ധാടിസ്ഥാനത്തിൽ മുസ്‌ലിമീങ്ങൾ നാലു ഭാഗത്തുനിന്നും വലയം ചെയ്യപ്പെട്ടിരിക്കുകയാണ്. ബനൂഖുറയ്ള്വയെ പോലുള്ള അവരുടെ (സത്യനിഷേധികളുടെ) സുഹൃത്തുക്കൾ മദീനയുടെ ഉള്ളിലുണ്ടായിരുന്നു. ഈ എല്ലാ കാര്യങ്ങളും സത്യനിഷേധികളുടെ പ്രതീക്ഷകളെയും ആത്മവിശ്വാസത്തെയും വർധിപ്പിക്കാൻ പര്യാപ്തമായിരുന്നു. അവരാഗ്രഹിച്ചത് ഒന്നിച്ചുകൂടി മുസ്‌ലിമീങ്ങൾക്കെതിരെ ശക്തമായ ആക്രമണം നടത്തി അങ്ങനെ മദീനയുടെ സർവ്വനാശം വരുത്താമെന്നായിരുന്നു. സത്യനിഷേധികളുടെ മൂപ്പന്മാർ അതിനുള്ള ഉപായം മെനയുകയായിരുന്നു. തദ്ബീർ കുനന്ദ് ബൻദ എന്ന് പറയാറുണ്ട്. അതായത് ദാസന്മാർ ഉപായം മെനയുന്നു. മറുഭാഗത്ത് അല്ലാഹുവിന്റെ ഉപായമെന്തായിരുന്നു. തഖ്ദീർ കുനന്ദ് ഖൻദ അതായത് വിധി അത് കണ്ട് ചിരിക്കുന്നു; അതു പറയുന്നു: ഞാനെന്താണ് നിങ്ങളോടു ചെയ്യാൻ പോകുന്നതെന്ന് ഇനി നോക്കിക്കള്ളുക! അതായത് ഇനി അവരുടേതു ഒന്നുതന്നെ ഫലവത്താകുന്നതല്ല. അങ്ങനെ **തഖ്ദീർ കുനന്ദ് ഖൻദ** എന്നതിന്റെ അടിസ്ഥാനത്തിൽ അല്ലാഹു ഒരു അദൃശ്യ സഹായം ആരംഭിച്ചു.

അതിന്റെ വിശദീകരണത്തിൽ ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ്رضസീറത്ത് ഖാത്തമുന്നബിയ്യീനിൽ എഴുതുന്നു: ഗത്വഫാൻ ഗോത്രങ്ങളുടെ ശാഖയായ അശ്ജഅ് ഗോത്രത്തിൽ നിന്നുള്ള ഒരു വ്യക്തി നുഅയിം ബിൻ മസ്ഊദ് ഈ യുദ്ധത്തിൽ മുസ്‌ലിമീങ്ങൾക്കെതിരെ പൊരുതുന്നുണ്ടായിരുന്നു. അദ്ദേഹം മദീനയിലെത്തി. ഇദ്ദേഹം മനസ്സുകൊണ്ട് മുസ്‌ലിമായിട്ടുണ്ടായിരുന്നു. പക്ഷേ, അതുവരെയും സത്യനിഷേധികൾക്ക് അദ്ദേഹം മുസ്‌ലിമായ വിവരം അറിയില്ലായിരുന്നു.ഈ സന്ദർഭത്തെ മുതലെടുത്തുകൊണ്ട് അദ്ദേഹം വളരെ ജാഗ്രതയോടുകൂടി ഒരു ഉപായം മെനഞ്ഞു. അതു മുഖേന സത്യനിഷേധികൾക്കിടയിൽ ഛിദ്രത ഉണ്ടാവുകയും ചെയ്തു. ഏറ്റവുമാദ്യം നുഅയിം ബിൻ മസ്ഊദ്, ബനൂ ഖുറയ്ള്വയുടെ അടുക്കലെത്തി. കാരണം മൂപ്പന്മാരുമായി അദ്ദേഹത്തിന് പഴയകാല ബന്ധങ്ങളുണ്ടായിരുന്നു. അവരുടെനേതാക്കന്മാരെ കണ്ട് പറഞ്ഞു: 'നിങ്ങൾ മുഹമ്മദുﷺമായുള്ള ഉടമ്പടി ലംഘിച്ചുകൊണ്ട് ഖുറയ്ശികളുടെയും ഗത്വഫാൻകാരുടെയുംകൂടെ ചേർന്നത് ഉചിതമായെന്ന് എനിക്ക് തോന്നുന്നില്ല. ഖുറയ്ശികളും ഗത്വഫാൻകാരും ഇവിടെ മദീനയിൽ ഏതാനും ദിവസത്തെ അതിഥികൾ മാത്രമാണ്. നിങ്ങൾക്ക് ഏതായാലും ഇവിടെത്തന്നെ താമസിക്കേണ്ടി വരും. കാരണം ഇത് നിങ്ങളുടെ നാടാകുന്നു. ഇവിടെ മുസ്‌ലിമീങ്ങളുമായിട്ടാണ് നിങ്ങൾക്ക് ബന്ധപ്പെടേണ്ടി വരിക. ഖുറയ്ശികളും മറ്റും ഇവിടെ നിന്നുപോയാൽപ്പിന്നെ നിങ്ങളെ അവർ ശ്രദ്ധിക്കുന്നതു പോലുമല്ല. നിങ്ങളെ മുസ്‌ലിമീങ്ങളുടെ ഔദാര്യത്തിൽ അവർ വിട്ടുപോകുന്നതാണ്. അതിനാൽ ചുരുങ്ങിയ പക്ഷം നിങ്ങൾ ഖുറയ്ശികളോടും ഗത്വഫാൻകാരോടും പറയുക; നിങ്ങളോടു അവർ വഞ്ചന കാണിക്കുകയില്ലെന്ന കാര്യത്തിൽ സമാധാനത്തിനു വേണ്ടി അവരുടെ കുറച്ചാളുകളെ ജാമ്യമായി നിങ്ങളുടെ അടുത്ത് അയക്കണ

മെന്ന് ആവശ്യപ്പെടുക. ബനൂ ഖുറയ്ളയുടെ മൂപ്പന്മാർക്ക് നുഅയിം പറഞ്ഞ കാര്യം ബോധ്യപ്പെട്ടു. പിന്നീട് തങ്ങൾക്ക് ഒരു പ്രയാസവും നേരിടാതിരിക്കുന്നതിനുവേണ്ടി ഖുറയ്ശികളുടെ ജാമ്യം എന്ന നിലയ്ക്ക് ഏതാനും ആളുകളെ അയക്കാൻ പറയുന്നതിന് അവർ തയ്യാറായി. അതിനുശേഷം നുഅയിം ബിൻ മസ്ഊദ് ഖുറയ്ശികളുടെ മൂപ്പന്മാരുടെ അടുത്തെത്തി പറഞ്ഞു: ബനൂ ഖുറയ്ള വളരെ ഭയപ്പാടിലാണ്. നിങ്ങൾ തിരിച്ചു പോയതിനുശേഷം അവർക്ക് പ്രയാസങ്ങൾ നേരിടേണ്ടിവരുമെന്നവർ ഭയപ്പെടുന്നു. അതുകൊണ്ട് അവർ നിങ്ങളുടെ ഈ ഐക്യത്തിൽ വിള്ളലുണ്ടാക്കാൻ ശ്രമിക്കുന്നു. അവർ നിങ്ങളോടു ജാമ്യം എന്ന നിലയ്ക്ക് ഏതാനും ആളുകളെ ആവശ്യപ്പെടുന്നതായിരിക്കും. പക്ഷേ, നിങ്ങളൊരിക്കലും ജാമ്യമായി ആരെയും കൊടുക്കരുത്. അവർ വഞ്ചന കാണിച്ചുകൊണ്ട് ജാമ്യത്തിൽ വാങ്ങിയ നിങ്ങളുടെ ആളുകളെ മുസ്‌ലിമീങ്ങളുടെ കൈയിൽ ഏൽപ്പിക്കാൻ സാധ്യതയുണ്ട്. പിന്നീട് അദ്ദേഹം തന്റെ ഗോത്രമായ ഗത്വഫാന്റെ അടുക്കൽപോയി ഇതേ രീതിയിലുള്ള വർത്തമാനങ്ങൾ പറഞ്ഞു. ഇനി അല്ലാഹുവിന്റെ ഭാഗത്തു നിന്നുണ്ടായ കാര്യവും നോക്കുക, ഖുറയ്ശികളും ഗത്വഫാൻകാരും നേരത്തെ തന്നെ മുസ്‌ലിമീങ്ങളെ ഒന്നിച്ചാക്രമിക്കണമെന്നു കരുതിയതാണ്. ഈ ആക്രമണം നഗരത്തിന്റെ പുറത്തുനിന്ന് ഒരേസമയത്ത് ചെയ്യണമെന്നും അങ്ങനെ മുസ്‌ലിമീങ്ങൾ തങ്ങളുടെ അംഗബലത്തിന്റെ കുറവുകാരണം അതിനെ നേരിടാൻ കഴിയാതെയാവണമെന്നും ഏതെങ്കിലും ഭാഗത്ത് അവരുടെ നിര തകരണമെന്നും നിര തകരുമ്പോൾ അതിലൂടെ കയറി വഴിയുണ്ടാക്കി ആക്രമണം നടത്താമെന്നും അവർ കരുതി. ഈ പദ്ധതിക്ക് കീഴിൽ അവർ ബനൂഖുറയ്ളയോട് പറഞ്ഞു: ഉപരോധം നീളുകയാണ്, ജനങ്ങൾ അസ്വസ്ഥരുമാണ്. അതുകൊണ്ട് എല്ലാവരും ഒരുമിച്ചുകൂടി നാളത്തെ ദിവസം മുസ്‌ലിമീങ്ങൾക്കുമേൽ ഒന്നിച്ചാക്രമണം നടത്താമെന്ന് ഞങ്ങൾ തീരുമാനിച്ചിട്ടുണ്ട്. നിങ്ങളും നാളത്തേക്കുള്ള ആക്രമണത്തിന് തയ്യാറാവുക. നുഅയിം ബിൻ മസ്ഊദ്, ബനൂ ഖുറയ്ളയുടെ അടുത്ത് നേരത്തെപോയി പറഞ്ഞതനുസരിച്ച് അവരിങ്ങനെ മറുപടി കൊടുത്തു: നാളെ ഞങ്ങളുടെ ശബ്ബത്ത് നാളാണ്. അതുകൊണ്ട് ഞങ്ങൾക്ക് നിവൃത്തിയില്ല. മാത്രമല്ല പിന്നീട് നിങ്ങളാരും ഞങ്ങളോടു വഞ്ചന കാണിക്കുകയില്ലെന്ന കാര്യത്തിൽ ഉറപ്പിനുവേണ്ടി ഏതാനും ആളുകളെ ഞങ്ങളുടെ അടുത്ത് ജാമ്യമായി നിറുത്തേണ്ടതാണ്. അതല്ലാതെ ഞങ്ങൾക്ക് ഈ ആക്രമണത്തിൽ നിങ്ങളോടൊപ്പം പങ്കെടുക്കാൻ കഴിയില്ല. ഖുറയ്ശികളും ഗത്വഫാൻകാരും ബനൂ ഖുറയ്ളയുടെ ഈ ആവശ്യം കേട്ടപ്പോൾ അത്ഭുതപ്പെട്ടു പോയി. അവർ പറഞ്ഞു; നുഅയിം പറഞ്ഞത് സത്യമാണ്. ബനൂ ഖുറയ്ള നമ്മളെ വഞ്ചിക്കാൻ ഒരുങ്ങിയിരിക്കുകയാണ്.

മറുഭാഗത്ത് ഖുറയ്ശികളും ഗത്വഫാൻകാരും ബനൂ ഖുറയ്ളക്ക് ഇങ്ങനെ മറുപടി കൊടുത്തു: ഞങ്ങൾക്ക് ജാമ്യമായി ആരെയും തരാൻ കഴിയില്ല. നിങ്ങൾ സഹായിക്കാൻ വരുന്നുവെങ്കിൽ വന്നു കൊള്ളുക. ബനൂ ഖുറയ്ള പറഞ്ഞു: നുഅയിം പറഞ്ഞതു ശരിയാണ്. അദ്ദേഹം നമുക്ക് ശരിയായ ഉപദേശമാണ് നൽകിയത്. ഖുറയ്ശികളുടെയും ഗത്വഫാൻകാരുടെയും ഉദ്ദേശ്യം നല്ലതാണെന്ന് തോന്നുന്നില്ല. അങ്ങനെ നുഅയിമിന്റെ ഉചിതമായ നീക്കം സത്യനിഷേധികളുടെ ക്യാമ്പിൽ ഛിദ്രതയും ഭിന്നതയുമുണ്ടാക്കി. ഇരുകൂട്ടരും പരസ്പരം സംശയത്തിലായി. ഈ ഉപായമാണ് നുഅയിം പ്രയോഗിച്ചത്. ഉന്നതമായ നീക്കത്തിൽ ഇത്തരം സങ്കീർണമായ പദ്ധതി നടപ്പാക്കുന്നതിലും അദ്ദേഹം കളവ് എന്ന് പറയപ്പെടാവുന്ന ഒരു കാര്യവും കഴിവിന്റെ പരമാവധി പറയുകയുണ്ടായില്ല. ഇനി ഉപായമെന്ന നിലയ്ക്ക് എന്തെങ്കിലും നീക്കം നടത്തിയെങ്കിൽ എന്തെങ്കിലും തന്ത്രം സ്വീകരിക്കുന്നതൊരിക്കലും വഞ്ചനയല്ല. ശത്രുവിന്റെ ദ്രോഹത്തിൽനിന്ന് രക്ഷപ്പെടുന്നതിനുവേണ്ടി അങ്ങനെ ചെയ്യുന്നതൊരിക്കലും ആക്ഷേപാർഹവുമല്ല. മറിച്ച് അത് യുദ്ധപരമായ തന്ത്രത്തിന്റെ വളരെ അനുയോജ്യമായ ഘടകമാണ്. അതുമുഖേന ദ്രോഹികളായ ശത്രുക്കളെ നിശ്ചേഷ്ടരാക്കി അനാവശ്യമായ രക്തചൊരിച്ചിൽ ഇല്ലാതാക്കാൻ വളരെ സഹായകമാകുകയും ചെയ്യുന്നതാണ്. *(സീറത്ത് ഖാത്തമുന്നബിയ്യീൻ, ഹദ്റത്ത് സാഹിബ്സാദ മിർസാ ബശീർ അഹ്മദ് സാഹിബ്ؓ എം.എ. പേജ് 591-593)*

ഹദറത്ത് മുസ്‌ലിഹ് മൗഊദ്ؓ പറയുന്നു: ഒരു നിശ്ചിത സമയത്ത് യഹൂദികളുടേയും അന്യാരാധകരുടേയും സൈന്യങ്ങൾ ഒന്നിച്ചു ചേർന്ന് മുസ്‌ലിമീങ്ങൾക്കുമേൽ ആക്രമണം നടത്തണമെന്ന് കുറച്ചു ദിവസത്തിനുശേഷം ഇരുകൂട്ടരും ചേർന്ന് തീരുമാനമെടുത്തു. പക്ഷേ, ആ സമയത്ത് അല്ലാഹുവിന്റെ സഹായം വളരെ അത്ഭുതാവഹമായ രീതിയിലാണ് വെളിപ്പെട്ടത്. അതിന്റെ വിശദീകരണം ഇപ്രകാരമാകുന്നു: നുഅയിം എന്ന് പേരുള്ള ഗത്വഫാൻ ഗോത്രത്തിൽപ്പെട്ട ഹൃദയാത്മനാ മുസ്‌ലിമായിരുന്ന ഒരാൾ സത്യനിഷേധികളോടൊപ്പം വന്നിരുന്നു. പക്ഷേ, ഏതെങ്കിലും സന്ദർഭം കിട്ടുകയാണെങ്കിൽ മുസ്‌ലിമീങ്ങളെ സഹായിക്കാൻ അദ്ദേഹം അവസരം പാർത്തു കഴിയുകയായിരുന്നു. ഒറ്റയ്ക്കൊരാൾക്ക് എന്തു ചെയ്യാൻ കഴിയും! പക്ഷേ, യഹൂദികളും സത്യനിഷേധികളുമായി ചേർന്നിരിക്കുന്നുവെന്ന് അദ്ദേഹം കാണുകയും മുസ്‌ലിമീങ്ങളുടെ സംരക്ഷണത്തിന് പ്രത്യേകിച്ച് ഒരു വഴിയും കാണപ്പെടാതിരിക്കുകയും ചെയ്തപ്പോൾ, ആ സന്ദർഭത്തിൽ അദ്ദേഹം വളരെയധികം ഉണർന്നു പ്രവൃത്തിച്ചു. ഈ ഒരു ഫിത്ന ഇല്ലാതാക്കാൻ തനിക്കെന്തെങ്കിലും ചെയ്തേ പറ്റൂ എന്ന തീരുമാനമെടുത്തു. അങ്ങനെ ഇരുകൂട്ടരും ഒരുമിച്ചുചേർന്ന് ആക്രമണം നടത്തുന്ന ദിവസം അദ്ദേഹം ബനൂഖുറയ്ളയുടെ അടുക്കലെത്തി, അവരുടെ മൂപ്പന്മാരെ കണ്ട് പറഞ്ഞു: 'അഥവാ അറബികളുടെ സൈന്യം പിന്തിരിഞ്ഞോടുകയാണെങ്കിൽ മുസ്‌ലിമീങ്ങൾ നിങ്ങളോടെങ്ങനെ പെരുമാറുമെന്നാണ് നിങ്ങൾ കരുതുന്നത്? നിങ്ങൾ മുസ്‌ലിമീങ്ങളുമായി ഉടമ്പടി ചെയ്തവരാണ്. ഉടമ്പടിചെയ്ത് ലംഘിച്ചതുകാരണം നിങ്ങൾക്ക് ശിക്ഷ കിട്ടുന്നതാണ്. അതിനെ സംബന്ധിച്ചൊന്ന് ആലോചിച്ചു നോക്കൂ. അവരുടെ ഹൃദയങ്ങൾ ഭയപ്പെട്ടു തുടങ്ങി.' അവർ ചോദിച്ചു: 'ഞങ്ങളെന്താണ് ചെയ്യേണ്ടത്?' നുഅയിം പറഞ്ഞു: 'അറബികളൊന്നിച്ചു ചേർന്നുള്ള ആക്രമണത്തിന് ആഗ്രഹം പ്രകടിപ്പിക്കുമ്പോൾ നിങ്ങൾ അന്യാരാധകരോട് ഒരു ആവശ്യമുന്നയിക്കണം. അതായത് അവരുടെ എഴുപതാളുകളെ നിങ്ങളുടെ അടുത്ത് ജാമ്യമായി നിറുത്തണമെന്ന് പറയുക. അവർ ഞങ്ങളുടെ കോട്ടകളെ സംരക്ഷിക്കട്ടെ. ഞങ്ങൾ മദീനയുടെ പിൻഭാഗത്തുനിന്ന് മുസ്‌ലിമീങ്ങൾക്കുമേൽ ആക്രമണം നടത്താം.' പിന്നെ അദ്ദേഹം അവിടെനിന്ന് മുശിരിക്കീങ്ങളുടെ അഥവാ അന്യാരാധകരുടെ മൂപ്പന്മാരുടെ അടുക്കലെത്തി അവരോടു പറഞ്ഞു: 'യഹൂദികൾ മദീനയിൽ താമസിച്ചുകൊണ്ട് നിർണായക ഘട്ടത്തിൽ നിങ്ങളോടു വഞ്ചന കാണിക്കാനിടയുണ്ട്. അങ്ങനെയായാൽ നിങ്ങളെന്തു ചെയ്യും? മുസ്‌ലിമീങ്ങളെ സന്തോഷിപ്പിക്കുന്നതിനും തങ്ങളുടെ തെറ്റ് മാപ്പാക്കുന്നതിനും വേണ്ടി അവർ നിങ്ങളോടു ജാമ്യമായി ആളുകളെ ചോദിക്കുന്നതാണ്. അവരെ മുസ്‌ലിമീങ്ങളുടെ കൈയിലേൽപ്പിച്ചാൽപ്പിന്നെ നിങ്ങളെന്തു ചെയ്യാനാണ്? നിങ്ങൾ അവരെ, അവരുറച്ചു നിൽക്കുന്നവരാണോ അല്ലയോ എന്ന് പരീക്ഷിച്ചറിയണം. അതുകൊണ്ട് എത്രയും വേഗം ഒന്നിച്ചുചേർന്ന് ആക്രമണം നടത്താമെന്ന് പറഞ്ഞ് അവരെ ക്ഷണിക്കുക.' സത്യനിഷേധികളുടെ നേതാക്കന്മാർ ഈ അഭിപ്രായത്തെ ശരിയായി ഗണിക്കുകയും അടുത്തദിവസം യഹൂദികൾക്ക് സന്ദേശമയച്ചുകൊണ്ട് ഇങ്ങനെ പറയുകയും ചെയ്തു: 'ഞങ്ങളൊന്നിച്ചു ചേർന്ന് ആക്രമണം നടത്താൻ ആഗ്രഹിക്കുന്നു, നിങ്ങളും സൈന്യങ്ങളുമായി നാളെ ആക്രമണം നടത്തണം.' ഖുറയ്ള ഗോത്രക്കാർ പറഞ്ഞു: 'നാളെ ഞങ്ങളെ സംബന്ധിച്ചിടത്തോളം ശബ്ബത്തിന്റെ നാളാണ്. ഞങ്ങൾ ശബ്ബത്ത് ദിവസം ആക്രമണം നടത്താറില്ല. അതുകൊണ്ട് ആ ദിവസം യുദ്ധം ചെയ്യാൻ സാധ്യമല്ല. മറ്റൊരു കാര്യം, ഞങ്ങൾ മദീനവാസികളാണ്.


• ഹദീഥുന്നബ്‌വി(സ) •

**"അക്‌രിമൂ ഔലാദക്കും."**
**നിങ്ങൾ നിങ്ങളുടെ മക്കളെ ആദരിക്കുക.**

ത്വാലിബെ ദുആ

**C. K.MUHAMMED SHAREEF&FAMILY**
AHMADIYYA JAMA-ATH VANIYAMBALAM,

• ഹദീഥുന്നബ്‌വി(സ) •

**"അൽഅമാനത്തു ഇസ്സുൻ."**
**വിശ്വസ്തത അന്തസ്സാണ്.**

ത്വാലിബെ ദുആ

**LATE T.K.SIDHIQUE AND FAMILY**
KARULAI, MALAPPURAM

നിങ്ങൾ പുറത്തുനിന്നു വന്നവരാണ്. അഥവാ നിങ്ങൾ യുദ്ധമുപേക്ഷിച്ചു പോവുകയാണെങ്കിൽപ്പിന്നെ ഞങ്ങൾക്കെന്ത് സംഭവിക്കും? അതുകൊണ്ട് നിങ്ങൾ ഞങ്ങൾക്ക് എഴുപതാളുകളെ ജാമ്യമായി നൽകണം. എങ്കിൽ മാത്രമേ ഞങ്ങൾ യുദ്ധത്തിൽ പങ്കെടുക്കുകയുള്ളൂ.' സത്യനിഷേധികളുടെ ഹൃദയത്തിൽ നേരത്തെതന്നെ സംശയമുദിച്ചിരുന്നു. അവർ ഇക്കൂട്ടരുടെ ആവശ്യത്തെ പൂർണ്ണമായും നിരാകരിച്ചുകൊണ്ടു പറഞ്ഞു: 'നിങ്ങളുടെ, ഞങ്ങളുമായുള്ള ഐക്യം സത്യസന്ധമാണെങ്കിൽപ്പിന്നെ ഇത്തരത്തിലുള്ള ആവശ്യങ്ങളുന്നയിക്കുന്നതിൽ ഒരുവിധ പ്രസക്തിയുമില്ല. ഈ സംഭവത്തോടുകൂടി മറുഭാഗത്ത് യഹൂദികളുടെ ഹൃദയത്തിലും സംശയങ്ങൾ തുടങ്ങി. ഒരു ഭാഗത്ത് സത്യനിഷേധികളുടെ ഹൃദയത്തിലും സംശയങ്ങൾ അങ്കുരിച്ചുതുടങ്ങി. സംശയങ്ങളുണ്ടായിത്തുടങ്ങിയാൽപ്പിന്നെ ധൈര്യത്തിന്റെ ആത്മാവും ചോർന്നുപോകുമെന്നത് ഒരു പൊതു നിയമമാണ്.' *(ദീബാച്ച തഫ്സീറുൽഖുർആൻ, അൻവാറുൽ ഉലൂം വാള്യം 20, പേജ് 280-281)*

പിന്നീട് അല്ലാഹുവിന്റെ വിധിയുമുണ്ടായി. രാത്രി ശക്തമായ കൊടുങ്കാറ്റ് രൂപത്തിൽ അത് വെളിപ്പെട്ടു. അതുകാരണം അഹ്സാബുകാർക്ക് അതായത് വിവിധ ഗോത്രക്കാർക്ക്, മുശ്രീക്കീങ്ങൾക്ക്, അക്രമികൾക്ക്, പിന്തിരിഞ്ഞോടേണ്ടി വന്നു. അതിന്റെ വിശദീകരണത്തിൽ ഇബ്നു ഇസ്ഹാഖ് എഴുതുന്നു: 'അല്ലാഹു ശക്തമായ തണുപ്പുള്ള രാത്രിയിൽ ആഞ്ഞുവീശുന്ന പൊടിക്കാറ്റ് അയച്ചു. അത് കാഫിരീങ്ങളുടെ അടുപ്പിൽവച്ച പാത്രങ്ങൾ മറിച്ചിട്ടു, അവയെ എടുത്തെറിഞ്ഞുകളഞ്ഞു. ബിലാദരി എഴുതുന്നു: 'പിന്നീട് അല്ലാഹു കാഫിരീങ്ങൾക്കെതിരെ മുസ്ലിമീങ്ങളെ കൊടുങ്കാറ്റ് മുഖേന സഹായിച്ചു. പൊടിക്കാറ്റ് അവരുടെ കണ്ണുകളിൽ നിറഞ്ഞു. അവരുടെയുള്ളിൽ ദൗർബല്യവും ഭയവുമുണ്ടായി. അന്യായക്കാർ വളരെയേറെ നിശ്ചേഷ്ടരായി തങ്ങളുടെ താവളത്തിലേക്ക് തിരിച്ചുപോയി. അവർക്കുമേൽ കാറ്റടിച്ചു കൊണ്ടേയിരുന്നു. അവരെ മലക്കുകൾ വളഞ്ഞു. അവരുടെ കണ്ണുകളെ പൊട്ടിച്ചു. അങ്ങനെ അവർ തിരിച്ചു പോയി. *(സുബുലുൽ ഹുദാ വർറശാദ് വാള്യം 4, പേജ് 386-387 ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത്)*

ഇതിന്റെ വിശദീകരണത്തിൽ ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ് رضی اللہ عنہ ഇങ്ങനെ എഴുതുന്നു: നുഅയിം ബിൻ മസ്ഊദിന്റെ സമാധാന ശ്രമങ്ങൾ ഫലപ്രദമാകാതിരിക്കുകയും ഒരു താൽക്കാലിക ഇടർച്ചയ്ക്കുശേഷം കാഫിരീങ്ങൾ വീണ്ടും ധൈര്യപൂർവ്വം ഒരുമിച്ചുകൂടുകയും ചെയ്യാൻ സാധ്യതയുണ്ടായിരുന്നു. പക്ഷേ, അല്ലാഹുവിന്റെ ഭാഗത്തുനിന്ന് അവിചാരിതമായുണ്ടായ ഒരു സംഭവം നോക്കുക! ഈ സംഭവങ്ങൾക്കുശേഷം രാത്രി വളരെ ശക്തമായ കാറ്റടിച്ചു. അത് വളരെ തുറസ്സായ മൈതാനത്ത് ഉണ്ടാക്കിയിരുന്ന കാഫിരീങ്ങളുടെ വിശാലമായ ക്യാമ്പുകളിൽ ഭയാനകമായ അസ്വസ്ഥത പടർത്തി. കൂടാരങ്ങൾ പിഴുതെറിയപ്പെട്ടു. ടെന്റുകൾ മറച്ചുകെട്ടിയിരുന്ന പർദ്ദകൾ പറന്നുപോയി. അടുപ്പുകളിൽവെച്ചിരുന്ന പാത്രങ്ങൾ മറിഞ്ഞുവീണു. പൊടിക്കാറ്റിന്റെയും മണൽക്കാറ്റിന്റെയും മഴ ആളുകളുടെ കാതുകളിലും കണ്ണുകളിലുമെല്ലാം നിറഞ്ഞു. പിന്നെ വളരെ അസ്വസ്ഥമായ മറ്റൊരു സംഭവം കൂടി ഉണ്ടായി. അറബികൾ അവരുടെ പുരാതന സമ്പ്രദായമനുസരിച്ച് രാത്രി നേരത്ത് ദേശീയപരമായ ഹോമാഗ്നികൾ ജ്വലിപ്പിച്ചു വെളിച്ചം പരത്തുമായിരുന്നു. അതെല്ലാം പലഭാഗത്തേക്കും പാറി അണഞ്ഞു തുടങ്ങി. പ്രസ്തുത അഗ്നി നാളങ്ങൾ അണയാതിരിക്കണമെന്നത് അവരുടെ വിശ്വാസത്തിന്റെ വലിയ ഭാഗമായിരുന്നു. ഈ ദൃശ്യങ്ങളെല്ലാം നേരത്തെതന്നെ ഉപരോധത്തിന്റെ അസ്വസ്ഥജനകമായ ദൈർഘ്യവും ഐക്യത്തിൽ പരസ്പരമുള്ള വിശ്വാസക്കുറവുകൊണ്ടുണ്ടായ കയ്പേറിയ അനുഭവവും കാരണം ചാഞ്ചാടിക്കൊണ്ടിരുന്ന അന്ധവിശ്വാസികളായ അവരുടെ ഹൃദയത്തിൽ സ്വസ്ഥതയില്ലായ്മ ഉളവാക്കി. ഈയൊരു ശക്തമായ ആഘാതംകൊണ്ട് അവർക്ക് പിടിച്ചു നിൽക്കാൻ കഴിഞ്ഞില്ല. നേരം വെളുക്കുന്നതിനുമുമ്പേ മദീനയുടെ അന്തരീക്ഷം കാഫിരീങ്ങളുടെ പൊടിപടലങ്ങളിൽനിന്നും തികച്ചും മുക്തമായി. ഈ പൊടിക്കാറ്റ് ആഞ്ഞു വീശിയടിച്ചപ്പോൾ അബൂസുഫിയാൻ തൊട്ടടുത്തുള്ള ഖുറയ്ശി മൂപ്പന്മാരെ വിളിച്ചുപറഞ്ഞു: 'നമ്മുടെ പ്രയാസങ്ങൾ വർധിക്കുകയാണ്. ഇനി ഇവിടെ കൂടുതൽ തങ്ങുന്നത് ഉചിതമല്ല. അതുകൊണ്ട് നമ്മൾ തിരിച്ചുപോകുന്നതാണ് നല്ലത്. ഞാനേതായാലും തിരിച്ചു പോവുകയാണ്.' അങ്ങനെ അയാൾ തന്റെ ആളുകളോടു തിരിച്ചു പോകാൻ കൽപ്പിച്ചു. പിന്നെ തന്റെ ഒട്ടകത്തിന്മേൽ കയറി, അയാൾ എത്രമാത്രം പരിഭ്രമിച്ചിരുന്നുവെന്നാൽ ഒട്ടകത്തിന്റെ കാലിലെ കെട്ടഴിക്കാൻ പോലും മറന്നുപോയി. ഒട്ടകപ്പുറത്ത് കയറി തെളിച്ചിട്ടും ഒട്ടകം അത് നീങ്ങാതിരുന്നപ്പോഴാണ് ഒട്ടകത്തിന്റെ കാലിലെ കെട്ടഴിച്ചിട്ടില്ലെന്ന് അയാൾക്ക് ഓർമ്മ വന്നത്. ആ സമയത്ത് അബൂജഹ്ലിന്റെ മകൻ ഇക്രിമ അടുത്ത് നിൽക്കുന്നുണ്ടായിരുന്നു. അയാൾ വളരെ അസ്വസ്ഥതയോടെ പറഞ്ഞു: 'അബൂ സുഫിയാൻ! നിങ്ങൾ സൈന്യാധിപനാണ്, സൈന്യത്തെ ഉപേക്ഷിച്ചു ഓടി പോവുകയാണോ? നിങ്ങളല്ലേ മറ്റുള്ളവരെ ശ്രദ്ധിക്കേണ്ടത്?' അപ്പോൾ അബൂസൂഫിയാൻ ലജ്ജിതനായി ഒട്ടകത്തിൽനിന്നിറങ്ങി പറഞ്ഞു: 'ശരി, ഞാനിപ്പോൾ പോകുന്നില്ല. പക്ഷേ, നിങ്ങളെല്ലാവരും വേഗം തയ്യാറാകുക. എത്രയും പെട്ടെന്ന് ഇവിടെനിന്ന് പോകേണ്ടതാണ്.' അങ്ങനെ ആളുകൾ വേഗം വേഗം തയ്യാറെടുപ്പുതുടങ്ങി. അബൂസുഫിയാൻ കുറച്ച് സമയത്തിനുശേഷം തന്റെ ഒട്ടകപ്പുറത്തുകയറി തിരിച്ച് യാത്ര പുറപ്പെട്ടു. ആ സമയംവരെയും ഗത്വഫാൻ ഗോത്രക്കാർക്കും മറ്റുഗോത്രങ്ങൾക്കും ഖുറയ്ശികളുടെ ഈ നെട്ടോട്ടത്തെ സംബന്ധിച്ച് അറിവില്ലായിരുന്നു. പക്ഷേ, ഖുറയ്ശികളുടെ ക്യാമ്പ് വളരെ വേഗം കാലിയാകുന്നത് കണ്ടപ്പോൾ മറ്റുള്ളവർക്കും അതേക്കുറിച്ച് അറിയിപ്പുകിട്ടി. അങ്ങനെ അവരും പരിഭ്രമത്തോടുകൂടി തിരിച്ചുപോകാൻ വിളംബരം ചെയ്തു. ബനൂഖുറയ്ള്വയും തങ്ങളുടെ കോട്ടകൾക്കുള്ളിൽ കയറിപ്പോയി. ബനൂഖുറയ്ള്വയോടൊപ്പം ബനൂനളീറിന്റെ നേതാവ് ഹുയയ് ബിൻ അഖ്തബും അവരുടെ കോട്ടയിലേക്ക് കയറിപ്പോയി. അങ്ങനെ പ്രഭാതം പൊട്ടി വിടരുന്നതിനു മുമ്പേ മൈതാനം കാലിയായി. വളരെ സത്വരവും അവിചാരിതവുമായ നിലയിൽ മുസ്ലിമീങ്ങൾ പരാജയത്തിലേക്ക് നീങ്ങിക്കൊണ്ടിരിക്കെ വിജയികളായി മാറി." *(സീറത്ത് ഖാത്തമുന്നബിയ്യീൻ, ഹദ്റത്ത് സാഹിബ്സാദ മിർസാ ബശീർ അഹ്മദ് സാഹിബ് رضی اللہ عنہ എം.എ. പേജ് 593-594)*

കാഫിരീങ്ങൾ ആധിപത്യം പുലർത്തുമോ എന്ന ആശങ്കയുണ്ടായിരുന്നിടത്ത് ഇപ്പോൾ അവർ വിജയികളായി മാറിയിരിക്കുന്നു.

ഹദ്റത്ത് മുസ്ലിഹ് മൗഊദ് رضی اللہ عنہ ഇതിന്റെ വിശദീകരണത്തിലെഴുതുന്നു: 'സംശയങ്ങളും അസ്വസ്ഥതകളും നിറഞ്ഞ കാഫിരീങ്ങളുടെ സൈന്യം രാത്രി വിശ്രമിക്കുന്നതിനുവേണ്ടി തങ്ങളുടെ കൂടാരങ്ങളിൽപ്പോയ സമയത്ത് അല്ലാഹു ദിവ്യസഹായത്തിന്റെ മറ്റൊരു വഴി തുറന്നു. രാത്രി വളരെ ശക്തമായ കാറ്റടിച്ചു. അത് കൂടാരങ്ങളുടെ കർട്ടനുകൾ തകർത്തുകളഞ്ഞു. അടുപ്പുകളിൽവച്ചിരുന്ന പാത്രങ്ങൾ മറിഞ്ഞുവീണു. ചില ഗോത്രങ്ങളുടെ ഹോമാഗ്നികൾ അണഞ്ഞുപോയി. അറേബ്യയിലെ മുശ്രിക്കീങ്ങളുടെ സമ്പ്രദായമനുസരിച്ച് അവർ രാത്രി മുഴുവനും തീ കത്തിച്ചു വയ്ക്കുമായിരുന്നു. അതിനെ അവർ സുശകുനമായിട്ടാണ് മനസ്സിലാക്കിയിരുന്നത്. പ്രസ്തുത തീ അണഞ്ഞു പോവുകയാണെങ്കിൽ അത് തങ്ങളെ സംബന്ധിച്ചിടത്തോളം ദുശ്ശകുനമാണെന്ന് അവർ കരുതിയിരുന്നു. അവർ തങ്ങളുടെ കൂടാരങ്ങൾ മാറ്റിക്കൊണ്ട് യുദ്ധമൈതാനത്തുനിന്ന് പിന്നിലേക്ക് മാറിപ്പോയി. അഗ്നി അണഞ്ഞുപോയ ഗോത്രങ്ങൾ അവരുടെ സമ്പ്രദായമനുസരിച്ച് കൂടാരങ്ങൾ എടുത്തു മാറ്റി പിന്നിലേക്ക് മാറി. അങ്ങനെ ഒരു ദിവസം കാത്തതിനുശേഷം സൈന്യത്തിൽ വരാമെന്ന് അവർ കരുതി. പക്ഷേ, പകലുണ്ടായ വഴക്കുകൾ കാരണം സൈന്യാധിപന്മാരുടെ ഹൃദയത്തിൽ സംശയങ്ങളുണ്ടായിത്തുടങ്ങി. പിന്നിലേക്ക് മാറിയ ഗോത്രങ്ങൾക്ക് ചുറ്റുപാടുമുണ്ടായിരുന്ന ഗോത്രങ്ങൾ, യഹൂദികൾ മുസ്ലിമീങ്ങളുമായി ചേർന്ന് രാത്രി

• ഹദീഥുന്നബ്വി(സ) •

"തഅല്ലമുൽയഖീന."
ദൃഢജ്ഞാനം ആർജിക്കുവിൻ.

ത്വാലിബെ ദുആ
LATE P.V.SAINAB AND FAMILY
KARULAI, MALAPPURAM

• ഹദീഥുന്നബ്വി(സ) •

"തഹാദൂ തഹാബ്ബൂ."
സ്നേഹം വർധിക്കുന്നതിനുവേണ്ടി പരസ്പരം സമ്മാനങ്ങൾ കൈമാറുവിൻ.

ത്വാലിബെ ദുആ
PROF.M.K.ABDUL KAREEM AND FAMILY
KARULAI, MALAPPURAM

ആക്രമണം നടത്തി എന്നാണ് മനസ്സിലാക്കിയത്. തങ്ങളുടെ ചുറ്റുപാടുമുള്ള ഗോത്രങ്ങൾ പിന്തിരിഞ്ഞോടുകയും ചെയ്യുന്നു. അങ്ങനെ അവരും വേഗം വേഗം തങ്ങളുടെ കൂടാരങ്ങളുമെടുത്ത് മൈതാനത്തുനിന്ന് ഓടിപ്പോകാൻ തുടങ്ങി. അബൂസുഫിയാൻ തന്റെ കൂടാരത്തിൽ സ്വസ്ഥമായി കിടക്കുകയായിരുന്നു. അയാൾക്ക് ഇതേ സംബന്ധിച്ച് അറിയിപ്പു ലഭിച്ചപ്പോൾ പരിഭ്രമിച്ച് തന്റെ കെട്ടിയിട്ട ഒട്ടകത്തിന് പുറത്തു കയറി അതിന്റെ കാലുകളിൽ അടിക്കാൻ തുടങ്ങി. അവസാനം സുഹൃത്തുക്കൾ ഇതെന്ത് വിഡ്ഢിത്തമാണ് ചെയ്യുന്നതെന്ന് പറഞ്ഞ് അയാളെ ഓർമ്മപ്പെടുത്തി. അങ്ങനെ അയാൾ ഒട്ടകത്തിന്റെ കയറുകൾ അഴിച്ചു. അയാളും തന്റെ കൂട്ടുകാരോടൊപ്പം രണാങ്കണത്തിൽനിന്ന് ഓടിപ്പോയി. *(ദീബാച്ച തഫ്സീറുൽ ഖുർആൻ, അൻവാറുൽ ഉലൂം വാള്യം 20, പേജ് 281)*

കാഫിരീങ്ങൾ ഇങ്ങനെയൊരു അവസ്ഥയിലായപ്പോൾ അവരെ സംബന്ധിച്ച് അറിയാൻ, മുശ്‌രിക്കീങ്ങളുടെ അവസ്ഥ മനസ്സിലാക്കാൻ നബിﷺതിരുമേനി ഹുദയ്ഫ ബിൻ യമാനെ പറഞ്ഞയച്ചു. അതിന്റെ വിശദീകരണത്തിൽ സീറത്ത് ഖാത്തമുന്നബിയ്യീനിൽ എഴുതുന്നു: രാത്രി കാഫിരീങ്ങൾ സ്വയം യുദ്ധമൈതാനത്തുനിന്ന് ഓടിപ്പോയപ്പോൾ നബിﷺതിരുമേനി തന്റെ ചുറ്റുപാടുമുള്ള സ്വഹാബാക്കളെ സംബോധന ചെയ്തുകൊണ്ട് 'നിങ്ങളാരെങ്കിലും പോയി ശത്രു സൈന്യത്തെ സംബന്ധിച്ച് അറിഞ്ഞു വരണമെന്ന് പറഞ്ഞു. സ്വഹാബാക്കൾ നിവേദനം: കൂരിരുട്ടുള്ള രാത്രിയായിരുന്നു അത്. മാത്രമല്ല ഭയവും ക്ഷീണവും വിശപ്പും കാരണം ആർക്കുംതന്നെ വിളിക്കുത്തരം നൽകാൻ ശബ്ദമുണ്ടായിരുന്നില്ല, തങ്ങളുടെ സ്ഥലത്തുനിന്ന് അനങ്ങാനും കഴിയുന്നുണ്ടായിരുന്നില്ല. അവസാനം നബിﷺതിരുമേനി പേരെടുത്തു വിളിക്കാൻ തുടങ്ങി. അങ്ങനെ നബിﷺതിരുമേനി ഹുദയ്ഫ ബിൻ യമാനെ പേരെടുത്ത് വിളിച്ചു. അദ്ദേഹം തണുപ്പുകാരണം വിറയ്ക്കുകയായിരുന്നു. അവസാനം അദ്ദേഹം നബിﷺതിരുമേനിക്കു മുന്നിൽ വന്നുനിന്നു. നബിﷺതിരുമേനി അദ്ദേഹത്തിന്റെ തലയിൽ തന്റെ കൈ തലോടുകയും അദ്ദേഹത്തിനു വേണ്ടി നന്മയുടെ ദുആകളിരക്കുകയും ചെയ്തു. എന്നിട്ട് പറഞ്ഞു: നിങ്ങളൊട്ടും ഭയപ്പെടേണ്ടതില്ല, സമാധാനത്തോടെ ഇരിക്കുക. ഇൻശാ അല്ലാഹ് നിങ്ങൾക്ക് ഒരു പ്രയാസവുമുണ്ടാകുന്നതല്ല. നിങ്ങൾ രഹസ്യമായി കാഫിരീങ്ങളുടെ ക്യാമ്പുകളിലെത്തുക. ആരെയും ശല്യം ചെയ്യരുത്. നിങ്ങൾ ആരാണെന്ന് അവർ അറിയുകയുമരുത്.'

ഹുദയ്ഫ رضي الله عنه പറയുന്നു: ഞാൻ പുറപ്പെട്ടപ്പോൾ കാണുന്നത്, എന്റെ ശരീരത്തിൽ തണുപ്പിന്റെ ഒരു ലാഞ്ചനപോലുമില്ലാത്തതാണ്. ഒരു സമയത്ത് ഞാൻ തണുപ്പുകാരണം വിറ കൊള്ളുകയായിരുന്നു. പറയുന്നു: ഇപ്പോൾ തണുപ്പിന്റെ പേരും ചൂരും പോലുമില്ല. മറിച്ച് ഞാനൊരു ചൂടുള്ള കുളിപ്പുരയിലൂടെ പോകുന്നതായാണ് അനുഭവപ്പെട്ടത്. എന്റെ പരിശ്രമങ്ങളെല്ലാം മാറിക്കൊണ്ടിരുന്നു. ആ സമയത്ത് കൂരിരുട്ടായിരുന്നു. ഞാൻ തികച്ചും നിർഭയനായി ഒളിഞ്ഞൊളിഞ്ഞ് ക്യാമ്പുകൾക്കുള്ളിൽ പ്രവേശിച്ചു. അപ്പോൾഞാൻ അബൂസുഫിയാനെ ഒരു സ്ഥലത്ത് തീ കായുന്നത് കണ്ടു. ഞാൻ അയാളെ കണ്ടപ്പോൾ പെട്ടെന്നുതന്നെ എന്റെ അമ്പ് കുലച്ചു. ഞാൻ അയാളെ വകവരുത്തുമായിരുന്നു. അപ്പോൾ എനിക്ക് നബിﷺതിരുമേനിയുടെ ഉപദേശം ഓർമ്മ വന്നു. അതുകൊണ്ട് അങ്ങനെ ചെയ്യുന്നതിൽനിന്ന് പിന്മാറി. ആ സമയത്ത് ഞാൻ അമ്പെയ്തിരുന്നെങ്കിൽ അതായത് അബൂസുഫിയാന്റെ ഇത്രയടുത്ത് നിന്ന് അമ്പു കുലയ്ക്കുമ്പോൾ അയാളൊരിക്കലും രക്ഷപ്പെടുമായിരുന്നില്ല. ആ നേരത്ത് അയാൾ തന്റെ ആളുകളോടു തിരിച്ചുപോകാൻ കൽപ്പിക്കുകയായിരുന്നു. പിന്നെ അയാൾ എന്റെ മുന്നിൽത്തന്നെ ഒട്ടകത്തിന്റെ പുറത്തു കയറി പരിഭ്രമം കാരണം ഒട്ടകത്തിന്റെ കാലിലെ കയർ അഴിക്കാൻ മറന്നുപോയിരുന്നു. അതിനുശേഷം ഞാൻ തിരിച്ചുവന്നു. ഹുദയ്ഫ رضي الله عنه പറയുന്നു: ഞാൻ ക്യാമ്പിലെത്തിയപ്പോൾ ആ സമയത്ത് നബിﷺതിരുമേനി നമസ്കരിക്കുകയായിരുന്നു. ഞാൻ നബിﷺതിരുമേനി നമസ്കരിച്ച് കഴിയുന്നതുവരെ കാത്തു നിന്നു. പിന്നെ എല്ലാ വിവരങ്ങളും പറഞ്ഞുകൊടുത്തു. അപ്പോൾ നബിﷺതിരുമേനി അല്ലാഹുവിന്റെ സൈന്യത്തിന് നന്ദി പറഞ്ഞു. ഇത് നമ്മുടെ പരിശ്രമവും കയ്യൂക്കും കൊണ്ടു സാധ്യമല്ല. മറിച്ച് അല്ലാഹുവിന്റെ അനുഗ്രഹം കൊണ്ടുമാത്രമേ സാധ്യമാവുകയുള്ളൂ. അവനൊറ്റ നിമിഷംകൊണ്ട് അഹ്സാബിനെ പരാജയപ്പെടുത്തി. തുടർന്ന് കാഫിരീങ്ങൾ പിന്തിരിഞ്ഞോടിയ വാർത്ത അതിശീഘ്രം മുസ്‌ലിം ക്യാമ്പുകളിൽ പരന്നു. *(സീറത്ത് ഖാത്തമുന്നബിയ്യീൻ, ഹദ്റത്ത് സാഹിബ്സാദ മിർസാ ബശീർ അഹ്മദ് സാഹിബ് رضي الله عنه എം.എ. പേജ് 594-595)*

ഈ സംഭവം ഹദ്റത്ത് മുസ്‌ലിഹ് മൗഊദും رضي الله عنه വിവരിച്ചിട്ടുണ്ട്. ആ മഹാത്മാവ് പറയുന്നു: രാത്രിയുടെ അവസാന യാമത്തിൽ ഇരുപത്തി അയ്യായിരത്തോളംവരുന്ന കാഫിരീങ്ങളുടെ സൈന്യം തമ്പടിച്ചിരുന്ന മൈതാനം ഒരു മരുഭൂമിപോലെ വിജനമായിത്തീർന്നു. നബിﷺതിരുമേനി ആ സമയത്ത് അല്ലാഹുവിന്റെ വെളിപാടു മുഖേന പറഞ്ഞു:'നിങ്ങളുടെ ശത്രുക്കളെ നാം ഓടിച്ചു വിട്ടിരിക്കുന്നു. ഇത് അല്ലാഹു അറിയിച്ചിട്ടുള്ളതാണ്. അതുകൊണ്ടാണ് (നബിﷺതിരുമേനി)ആരുണ്ടെന്ന് ചോദിച്ചത്. യാഥാർഥ്യം മനസ്സിലാക്കുന്നതിനുവേണ്ടി ആരെയെങ്കിലും പറഞ്ഞയക്കാൻ നബിﷺതിരുമേനി ആഗ്രഹിച്ചു. തന്റെ തൊട്ടടുത്തുള്ള സ്വഹാബാക്കളെ വിളിച്ചു. തണുപ്പുള്ള കാലമായിരുന്നു. മുസ്‌ലിമീങ്ങളുടെ പക്കൽ ആവശ്യത്തിനു വസ്ത്രങ്ങളുണ്ടായിരുന്നില്ല. തണുപ്പിന്റെ ശക്തികാരണം ചുണ്ടുകളും മരവിച്ചിട്ടുണ്ടായിരുന്നു. സംസാരിക്കാൻ കഴിയുന്നുണ്ടായിരുന്നില്ല. ചില സ്വഹാബാക്കൾ പറയുന്നു: 'ഞങ്ങൾ നബിﷺതിരുമേനിയുടെ ശബ്ദം കേൾക്കുന്നുണ്ടായിരുന്നു. ഞങ്ങൾക്ക് മറുപടി പറയണമെന്നുമുണ്ടായിരുന്നു. പക്ഷേ, ശബ്ദം പുറത്തു വരുന്നുണ്ടായിരുന്നില്ല. ഒരു ഹുദയ്ഫ മാത്രമാണ് നബിﷺതിരുമേനിയോട് യാ റസൂലല്ലാഹ്, എന്താണ് കാര്യമെന്ന് ചോദിച്ചത്.' ഇവിടെ മുസ്‌ലിഹ് മൗഊദ് رضي الله عنه, നബിﷺതിരുമേനി ഹുദയ്ഫയെ വിളിച്ചുവെന്ന് പറയുന്നില്ല. മുസ്‌ലിഹ് മൗഊദ് رضي الله عنهപറയുന്നു: അദ്ദേഹം പറഞ്ഞപ്പോൾ നബിﷺതിരുമേനി പറഞ്ഞു, നിങ്ങളെയല്ല, എനിക്ക് വേറെയാളെയാണ് വേണ്ടത്. വേറെ ആരെങ്കിലുമുണ്ടോ?പക്ഷേ, ഉണർന്നിരിക്കുന്നവർക്കും തണുപ്പിന്റെ ആധിക്യം കാരണം മറുപടി നൽകാൻ കഴിഞ്ഞില്ല. ഹുദയ്ഫ رضي الله عنه വീണ്ടും പറഞ്ഞു: 'യാ റസൂലല്ലാഹ്. ഞാൻ സന്നിഹിതനാണ്.' അവസാനം നബിﷺതിരുമേനി ഹുദയ്ഫയോട് ഇങ്ങനെ പറഞ്ഞയച്ചു: 'എനിക്ക് നിങ്ങളുടെ ശത്രുക്കൾ പിന്തിരിഞ്ഞോടിയതായി അല്ലാഹു അറിയിപ്പ് നൽകിയിരിക്കുന്നു. നിങ്ങൾ പോയി ശത്രുക്കളുടെ അവസ്ഥ എന്താണെന്ന് അറിഞ്ഞു വരിക.' ഹുദയ്ഫ കിടങ്ങിന്റെ അടുത്തുപോയി നോക്കി. മൈതാനത്തുനിന്ന് പൂർണമായും ശത്രുസൈന്യം ഒഴിഞ്ഞു പോയതായി കണ്ടു. തിരിച്ചെത്തി ശഹാദത്ത് കലിമ ചൊല്ലിക്കൊണ്ട് നബിﷺതിരുമേനിയുടെ നുബുവ്വത്തിനെ സാക്ഷ്യപ്പെടുത്തിക്കൊണ്ടു പറഞ്ഞു: 'ശത്രുക്കൾ മൈതാനം വിട്ടോടി പോയിരിക്കുന്നു.

ബാക്കി ഇൻശാ അല്ലാഹ് പിന്നീട് വിവരിക്കുന്നതാണ്.

ലോകത്തിന്റെ അവസ്ഥ നിങ്ങൾക്കറിയാവുന്നതുപോലെ അനുദിനം വഷളായിക്കൊണ്ടിരിക്കുകയാണ്. അത് നാശത്തിലേക്ക് പോയിക്കൊണ്ടിരിക്കുന്നു. വൻശക്തികളും നീതിപൂർവ്വം പ്രവർത്തിക്കേണ്ടതാണ്. യുദ്ധം പരന്നു തുടങ്ങുകയാണ്. അല്ലാഹു അഹ്മദികളെയും നിരപരാധികളെയും ഇതിന്റെ ഭയാനകതയിൽ നിന്നും ദുഷ്പ്രഭാവത്തിൽ നിന്നും രക്ഷിക്കുമാറാകട്ടെ. അതിനുവേണ്ടി അല്ലാഹുവുമായുള്ള ബന്ധം നാം വർദ്ധിപ്പിക്കേണ്ടതാണ്. ദുആകളിലേക്ക് പ്രത്യേകം ശ്രദ്ധ വേണ്ടതാണ്. അതിലേക്ക് അഹമദികളുടെ ശ്രദ്ധ തിരിക്കാൻ ആഗ്രഹിക്കുന്നു. പാക്കിസ്താനിലും അഹ്മദികളുടെ അവസ്ഥ വളരെവളരെ മോശമാണ്. അവർക്കു വേണ്ടിയും ദുആ ചെയ്യുക. ബംഗ്ലാദേശിലെ അഹ്മദികൾക്കുവേണ്ടിയും ദുആ ചെയ്യുക. അവർക്കുമേലും വളരെയേറെ ദ്രോഹങ്ങളുണ്ടായിക്കൊണ്ടിരിക്കുന്നു. അല്ലാഹു എല്ലാവരിലും കരുണയും അനുഗ്രഹവും വർഷിക്കുമാറാകട്ടെ. (വിവർത്തനം: എച്ച്.ശംസുദ്ദീൻ കാവശ്ശേരി) (അൽഫസ്ൽ ഇന്റർനാഷണൽ 25 ഒക്ടോബർ 2024,പേജ് 2-6)


**• ഹദീഥുന്നബവി(സ) •**

**"അത്തഅ്സിയത്തു മർറത്തുൻ."**

**അനുശോചനം ഒറ്റത്തവണ മതി.**

ത്വാലിബെ ദുആ

**E.H.NAJEEB AND FAMILY**
KAKKANAD, ERNAKULAM

**• ഹദീഥുന്നബവി(സ) •**

**"അദ്ദുആഉ ഹുവൽ ഇബാദത്തു."**

**ദുആ തന്നെയാണ് യഥാർഥ ആരാധന**

ത്വാലിബെ ദുആ

**P. SAFFAR AHMAD &FAMILY**
JAMA'ATH KARULAI, MALAPPURAM,KERALA.

പേജ് 1 ൽ നിന്ന്

***ഹുബുൽ ഉഅ്‌ലുൽ ഹുബുൽ'*** എന്ന് അതായത് ഹുബലിന്റെ പ്രൗഢി ഉയരട്ടെ ഉയരട്ടെ എന്ന് മുദ്രാവാക്യം മുഴക്കിയത്. ഇന്ന് നീ നോക്കുക, നിന്റെ കണ്ണിന്റെ മുമ്പിൽ ഹുബലിന്റെ കഷണങ്ങൾ ചിതറിക്കിടക്കുന്നു. അബൂസുഫിയാൻ ലജ്ജിതനായിക്കൊണ്ട് പറഞ്ഞു:'സഹോദരാ ഇക്കാര്യം അതുപോലെയങ്ങ് പോകട്ടെ. മുഹമ്മദു റസൂലുല്ലായുടെ ദൈവമല്ലാതെ മറ്റേതെങ്കിലും ദൈവമുണ്ടായിരുന്നെങ്കിൽ ഇന്ന് ഞങ്ങൾ എന്തൊന്നാണോ കണ്ടുകൊണ്ടിരിക്കുന്നത് ഇതൊരിക്കലുമുണ്ടാകുമായിരുന്നില്ല. ഇപ്പോൾ ഏക ദൈവമല്ലാതെ മറ്റൊരു ദൈവവുമില്ലെന്ന് ഞങ്ങൾക്ക് ദൃഢവിശ്വാസമായിരിക്കുന്നു.' ചുരുക്കത്തിൽ ***അൽ മുൽക്കു യൗമഇദിൻ ലില്ലാഹ്*** എന്ന പ്രവചനം ആ ദിവസം എല്ലാവിധ പ്രൗഢിയോടുംകൂടി പുലർന്നു. അറേബ്യയുടെ ഒറ്റം മുതൽ മറ്റേ അറ്റംവരെ ***ലാഇലാഹ ഇല്ലല്ലാ*** യുടെ ശബ്ദം മുഴങ്ങാൻ തുടങ്ങി.

പിന്നീട് ***ഫല്ലദീന ആമനൂ വ അമിലുസ്സ്വാലിഹാത്തി ഫീ ജന്നാത്തിന്നയീമിൻ വല്ലദീന കഫറൂ വ കദ്ദബൂ ബി ആയാത്തിനാ ഫ ഉലാഇക്കലഹും അദാബുൻ മുഹീനുൻ*** എന്നതിൽ പറഞ്ഞിരിക്കുന്നു, ദൈവിക പ്രസ്ഥാനങ്ങളുടെ അഭിവൃദ്ധികളിൽ ശയ്ത്വാൻ എത്ര കണ്ട് തടസ്സമുണ്ടാക്കിയാലും എത്ര കണ്ട് ഗൂഢപദ്ധതികൾ ആസൂത്രണം ചെയ്താലും അവസാനം അല്ലഹുവിന്റെ നബി തന്നെയായിരിക്കും ജയിക്കുക. സത്യനിഷേധികളുടെ സകല തന്ത്രങ്ങളും പരാജയപ്പെടുന്നതാണ്. അങ്ങനെ മുഅ്മിൻ അഭിവൃദ്ധിപ്പെട്ടുകൊണ്ടു പോകുന്നു. പക്ഷേ, എതിരാളികൾ നിരാശപ്പെട്ടവരും നഷ്ടം അനുഭവിക്കുന്നവരുമായിത്തീർന്ന് ദുഃഖത്തിന്റേയും ദ്വേഷ്യത്തിന്റേയും പരാജയത്തിന്റേയും അപഖ്യാതുടേയും അഗ്നിയിൽ എരിഞ്ഞുകൊണ്ടിരിക്കുകയും ഈ ലോകംതന്നെ അവർക്ക് നരകമായി അനുഭവപ്പെടുകയും ചെയ്യുന്നു.

***അൽമുൽക്കു യൗമഇദിൻ ലില്ലാഹ്*** എന്നതിൽ അന്തർസ്ഥമായ ഒരു ആക്ഷേപത്തിനുള്ള മറുപടിയുമുണ്ട്. ചിലയാളുകൾ സൂറ ഫാത്തിഹായുടെ വാക്കുകളായ 'മാലിക്കിയൗമിദ്ദീനിൽ' ആക്ഷേപമുന്നയിക്കുന്നു. അല്ലാഹുവിനെ സംബന്ധിച്ച് അവൻ മാലിക്കാണെന്ന് എന്തിനാണ് പറഞ്ഞിട്ടുള്ളത്. അവൻ മലിക്കാണെന്ന് അതായത് രാജാധിരാജനാണെന്ന് എന്തുകൊണ്ടു പറഞ്ഞില്ല? വാസ്തവത്തിൽ 'മലിക്' അതായത് രാജാവിന്റെ അധികാരം 'മാലിക്' അതായത് ഖാബിള് ഉടമസ്ഥനെക്കാൾ കുടുതലാകുന്നു. ഈ ആക്ഷേപത്തിനുള്ള മറുപടി ***അൽമുൽക്കു യൗമഇദിൻ ലില്ലാഹ്*** എന്നതിലുണ്ട്. കാരണം അല്ലാഹു ഇതിൽ പറയുന്നു, ആ നാൾ ഭരണം അല്ലാഹുവിന്റേതായിരിക്കും. അവൻ അവർക്കിടയിൽ വിധി കൽപിക്കും. അതായത് അല്ലാഹു വെറും മാലിക്കല്ല, പ്രത്യുത രാജാധിരാജനാണ്. അതായത് ചക്രവർത്തിയുമാണ്. പക്ഷേ, ഇതിന്റെ അർത്ഥം ഇക്കാലത്തെ രാജാക്കന്മാരെപോലെ ഏതെങ്കിലും ഉന്നതമായ നിയമത്തിന് വിധേയനാണെന്നല്ല. കാരണം ഏതൊരുവിന്റെ വിധിയിൽ അക്രമവും ഏകാധിപത്യവും കാണുന്നുവോ കേവലം അവനാണ് ഉന്നതമായ നിയമം ബാധകമെന്ന് അവൻ തന്നെ പറയുന്നു. പക്ഷേ, അല്ലാഹു റഹ്മാനാണ്. അവന്റെ വിധിയിൽ അക്രമമോ തന്നിഷ്ടമോ ഉണ്ടാകുകയില്ല. പ്രത്യുത അവനെല്ലാവരോടും കാരുണ്യത്തോടെയും പൊറുമയോടെയും പെരുമാറുന്നു. ജനങ്ങൾക്ക് നേട്ടമുണ്ടാകുന്ന കാര്യങ്ങൾ ചെയ്യുന്നു.ഇപ്രകാരം സൂറ ഫുർഖാനിൽ പറയുന്നു: ***അൽമുൽക്കു യൗമഇദിനിൽ ഹഖ്ഖു ലിർറഹ്മാൻ*** (അന്നാളിൽ സർവാധിപത്യം പരമകാരുണികനായ അല്ലാഹുവിനാകുന്നു)(25:27) ഇപ്രകാരം മറ്റൊരു സ്ഥലത്ത് പറയുന്നു: ***ഥുമ്മ മാ അദ്റാക്ക മാ യൗമുദ്ദീൻ യൗമ ലാ തംലിക്കു നഫ്സുൻല്ലി നഫ്സിൻ ശയ്അൻ വൽഅംറു യൗമഇദിൻല്ലില്ലാഹ്***(83:19 - 20) അതേ, വിധിനാളെന്തെന്ന് നിനക്കെന്തറിയാം? മറ്റൊരാൾക്കുവേണ്ടി ഒന്നുംതന്നെ നേടിക്കൊടുക്കാൻ ഒരാൾക്കും സാധിക്കാത്ത നാൾ. അന്ന് ആജ്ഞാധികാരം അല്ലാഹുവിനുള്ളതായിരിക്കും. അല്ലാഹുവിന് ചക്രവർത്തിത്വവുമുണ്ടെന്ന് ഈ വചനങ്ങളിൽ നിന്ന് സ്ഥാപിതമാകുന്നു. അതിനാൽ സൂറഫാത്തിഹായിൽ ഉപയോഗിക്കപ്പെട്ടിരിക്കുന്ന മാലിക് എന്ന പദം അത് അല്ലാഹു വെറും ഉടമസ്ഥനാണെന്ന അർഥത്തിലല്ല. മലിക് അതായത് രാജാവല്ല, പ്രത്യുത അവൻ രാജാധിരാജനാണ് എന്ന അർഥത്തിലാണ്. മാലിക്, രാജാവിനെക്കാൾ ശ്രേഷ്ഠനാണെന്നത് പ്രകടമായ കാര്യമാണ്. അതായത് കേവല രാജാധിപത്യം, ആർക്കും മുഴുവൻ ആളുകളുടേയുംമേൽ അല്ലെങ്കിൽ മുഴുവൻ വസ്തുക്കളുടേയുംമേൽ പൂർണമായ അധികാരം പ്രദാനം ചെയ്യുന്നില്ല. ഒരു രാജാവിന് പ്രജകളുടേയും രാജ്യത്തിന്റേയും സമ്പത്ത് എങ്ങനെവേണമെങ്കിലും കൈകാര്യം ചെയ്യാമെന്ന തരത്തിലുള്ള അധികാരം കരസ്ഥമാകുന്നില്ല. പക്ഷേ, രാജാധിരാജന് അവൻ കരസ്ഥമാക്കിയിട്ടുള്ള ആ വസ്തുക്കളുടെമേൽ തികച്ചും മറ്റൊരു തരത്തിലുള്ള അധികാരമാണുള്ളത്. അത് അവന് ആ രാജാധിപത്യത്തിന്റെ അധികാരം കാരണത്താൽ കൂടുതൽ പൂർണവും ഉന്നതവുമായി ലഭിക്കുന്നതാണ്. അതിനാൽ മാലിക്കിയൗമുദ്ദീൻ എന്നു പറഞ്ഞതുകൊണ്ട് അല്ലാഹുവിന്റെ ഉടമസ്ഥാവകാശം ഇല്ലാതാക്കപ്പെട്ടില്ല. പ്രത്യുത അല്ലാഹുവിന്റെ ഉടമസ്ഥതയുടെ തരം വിവരിക്കപ്പെട്ടിരിക്കുകയാണ്. അതായത് അല്ലാഹു വെറും മലിക്ക്(രാജാവ്) അല്ല പ്രത്യുത അവൻ രാജാധിരാജനും സകല സൃഷ്ടികളുടേയും ഉടമസ്ഥനുമാണ്. ആരാണോ രാജാധിരാജനാകുന്നത് അവന് അധികാരത്തിൽ പൂർണസ്വാതന്ത്ര്യമുണ്ടാകുന്നു. *(തഫ്സീറെ കബീർ വാള്യം 6, പേജ് 77, പ്രസാധനം 2010 ഖാദിയാൻ)*

mta INTERNATIONAL
WWW.MTA.TV
Reaching The Corners Of The Earth

## വാർത്തകൾ

### കോഴിക്കോട് പുത്തൂർമഠം ജമാഅത്തിൽ സീറത്തുന്നബിയോഗവും മൊമൊന്റോവിതരണവും

2024 ഒക്ടോബർ 20 ഞായറാഴ്ച വൈകുന്നേരം 5 മണിക്ക് കോഴിക്കോട് പുത്തൂർമഠം ജമാഅത്തിൽ സീറത്തുന്നബിയോഗം സംഘടിപ്പിച്ചു. എം.സലാം സാഹിബിന്റെ വിശുദ്ധ ഖുർആൻ പാരായണത്തോടെ കാര്യപരിപാടികളാരംഭിച്ചു. നസീർഹുസൈൻ സാഹിബ് പദ്യാലാപനം നടത്തി. തുടർന്ന് മുബല്ലിഗും ബദ്ർ മലയാളം ആഴ്ചപ്പതിപ്പിന്റെ പത്രാധിപരുമായ മൗലവി മുഹമ്മദു ഇസ്മായീൽ സാഹിബ് എച്ച്. എ. 'നബി(സ)തിരുമേനിയുടെ പരിശുദ്ധ ജീവിതം ഖുവ്വത്തെ ഖുദ്സിയ്യായുടെ വെളിച്ചത്തിൽ' എന്ന വിഷയത്തെ അധികരിച്ച് പ്രസംഗിച്ചു. ഒന്നരമണിക്കൂർ നീണ്ട മൗലവി സാഹിബിന്റെ വിജ്ഞാനപ്രദമായ പ്രഭാഷണം ജമാഅത്തംഗങ്ങൾ ശ്രദ്ധാപൂർവം ശ്രവിക്കുകയുണ്ടായി. ജമാഅത്തിലെ പുരുഷന്മാരും സ്ത്രീകളും കുട്ടികളുമെല്ലാം സന്നിഹിതരായിരുന്നു.

കോഴിക്കോടു സബ്ജില്ല റൂറൽ ശാസ്ത്രമേളയിൽ ആനിമേഷൻ വിഭാഗത്തിൽ രണ്ടാം സ്ഥാനം നേടിയ തൻവീർ അഹ്മദിനും, കോഴിക്കോടു ജില്ല സ്റ്റുഡന്റ് പോലീസ് കാഡറ്റിൽ പ്ലാട്ടൂൺ ഡ്രിൽ മത്സരത്തിൽ വിജയിച്ച പെരുമണ്ണ ഇ.എം.എസ്സ് സ്കൂൾ സ്റ്റുഡന്റ് പോലീസ് ക്യാഡറ്റ് ബറ്റാലിയനിൽ അംഗമായ താഹിർ അഹ്മദിനും, കേരള സ്റ്റേറ്റ് അണ്ടർ ഫോർട്ടീൻ സാമ്പോ ചാമ്പ്യൻ ഷിപ്പിൽ വിജയിച്ച് നാഷണൽ സാമ്പോ ചാമ്പ്യൻ ഷിപ്പിന് യോഗ്യത നേടിയ സിയാദ് അബ്ദുസ്സമദിനും അവർക്കു ലഭിച്ച മൊമൊന്റോകളും 'പ്രാർഥന സ്വീകരിക്കുന്നവൻ'എന്ന ഗ്രന്ഥത്തെ ആസ്പദാക്കി കുറിപ്പു തയ്യാറാക്കൽ മത്സരത്തിൽ ഒന്നും രണ്ടും സ്ഥാനം കരസ്ഥമാക്കിയ ബാസ്വിത് അഹ്മദിനും തൻവീർ അഹ്മദിനും ഖുദ്ദാമുൽ അഹ്മദിയ്യ പുത്തൂർ മഠം നല്കിയ സമ്മാനങ്ങളും യോഗത്തിൽവച്ച് മൗലവി സാഹിബ് വിതരണം ചെയ്തു. സ്വദ്ർ കെ.എം. റഫീഖ് സാഹിബ് അധ്യക്ഷനായിരുന്നു.

യോഗാനന്തരം എല്ലാവർക്കും ഭക്ഷണസൗകര്യം ഏർപാടു ചെയ്തിരുന്നു.*(ഇശാഅത്ത് സെക്രട്ടറി)*

**നൂറുൽ ഇസ്‌ലാം വകുപ്പിന്റെ പ്രവർത്തന സമയം:**
രാവിലെ 9 മണിമുതൽ രാത്രി 11 മണിവരെ.
വെള്ളിയാഴ്ച ദിവസംഅവധിയായിരിക്കും.

**1800 3010 2131**
ഈ ടോൾഫ്രീ നമ്പറിൽ വിളിച്ച് താങ്കൾക്ക് അഹ്മദിയ്യ ജമാഅത്തിനെക്കുറിച്ച് കാര്യങ്ങൾ മനസ്സിലാക്കാവുന്നതാണ്.


**• ഹദീഥുന്നബ്‌വി(സ) •**

"അൽഅയ്മനു ഫൽ അയ്മനു."
വലതു ഭാഗത്തുള്ളവൻ വലതുഭാഗത്തുള്ളവൻതന്നെ.

ത്വാലിബെ ദുആ
Late DILSAD ABDULLATHEEF AND FAMILY KALLIKOTE
PATHAPPIRIYAM, MALAPURAM

**• ഹദീഥുന്നബ്‌വി(സ) •**

"അദ്ദുൻയാ മസ്റഅത്തുൽ ആഖിറ."
ഇഹലോകം പരലോകത്തിന്റെ കൃഷിയിടമാണ്.



ത്വാലിബെ ദുആ
DR.C.G. KAMALUDDEEN, DR. C.G. NAZIM AHMAD
VAYANASHALA, PATHAPPIRIYAM, KERALA

ലേഖനം

# സ്വീകാര്യമായ പ്രാർഥന

**വാഗ്ദത്ത മഹ്ദി മസീഹ് ഹദ്റത്ത് മിർസാ ഗുലാം അഹ്മദ്ؑ**

വിവർത്തനം: കെ.വി.ഹസ്സൻകോയ, കോഴിക്കോട്

പ്രാർഥന മനുഷ്യന്റെ കടമയാണ് പ്രതികരണം ദൈവികമാണ്:

വിശപ്പുകൊണ്ടു ഒരു കുഞ്ഞ് നിലവിളിക്കുമ്പോൾ മാതാവിന്റെ സ്തനങ്ങളിൽ പാല് കൊണ്ടുവരപ്പെടുന്നു. ശിശുവിന് പ്രാർഥന എന്തെന്നറിയില്ല. പക്ഷേ, അതിന്റെ കരച്ചിലാണ് പാല് കൊണ്ടുവരുന്നത്. ഇത് പ്രാപഞ്ചികമായ ഒരനുഭവമാണ്. ചില സമയങ്ങളിൽ തന്റെ സ്തനങ്ങളിൽ പാലുണ്ടെന്ന് മാതാവ് അറിയുകപോലുമില്ല. എന്നാൽ, കുഞ്ഞിന്റെ കരച്ചിൽ പാലുണ്ടാക്കുവാൻ സഹായിക്കുന്നു. അപ്പോൾ നമ്മുടെ വിലാപങ്ങൾ സർവ്വശക്തനായ ദൈവത്തിന്റെ മുമ്പിൽ ഒരു പ്രതികരണവും ഉണ്ടാക്കുകയില്ലെന്നാണോ? അവ എല്ലാറ്റിനേയും ആകർഷിക്കുന്നുണ്ട്. എന്നാൽ, കാഴ്ചശക്തിയില്ലാത്ത ആളുകൾക്ക് പണ്ഡിതന്മാരും തത്ത്വജ്ഞാനികളുമെന്ന നിലയിൽ നമ്മുടെ മുമ്പിൽ അണിനിരക്കുന്നവർക്ക് അത് കാണാൻ കഴിയുന്നില്ല. ഒരു വ്യക്തി ഒരു മാതാവിന് ശിശുവുമായുള്ള ബന്ധം തന്റെ മനസ്സിൽ കണ്ടുകൊണ്ട് പ്രാർഥനയുടെ തത്ത്വശാസ്ത്രത്തെക്കുറിച്ച് ചിന്തിക്കുകയാണെങ്കിൽ അതു വളരെ എളുപ്പമാണെന്നു കണ്ടെത്തുന്നതാണ്.

പ്രാർഥനയ്ക്കുശേഷം രണ്ടാമത്തെ വിധത്തിലുള്ള കാരുണ്യം പ്രവർത്തനപഥത്തിൽ വരും. ചോദിക്കുന്നത് തുടർന്നുകൊണ്ടേയിരിക്കുക. കിട്ടേണ്ടതു കിട്ടിക്കൊണ്ടേയിരിക്കും.

**“ഉദ്ഊനി അസ്തജിബ് ലക്കും”** ഇത് വെറും വാക്കുകളല്ല. മനുഷ്യപ്രകൃതിയുടെ ഒരു സവിശേഷതയാണ്. പ്രാർഥിക്കുകയെന്നത് മനുഷ്യപ്രകൃതിയും പ്രതികരിക്കുകയെന്നത് ദൈവപ്രകൃതിയുമാണ്. മനസ്സിലാക്കാത്തവനും വിശ്വസിക്കാത്തവനുമായ വ്യക്തി വ്യാജനാണ്. ഞാനെടുത്തുകാണിച്ച ശിശുവിന്റെ ഉദാഹരണം വളരെ മികവുറ്റനിലയിൽ പ്രാർഥനയുടെ തത്ത്വശാസ്ത്രം വിശദീകരിക്കുന്നു. *(മൽഫൂദാത്ത്, വാള്യം 1, പേജ് 129,130)*

ഒരു പരീക്ഷണ ഘട്ടത്തിലായിരിക്കും അത്ഭുതകരവും അപൂർവ്വവുമായ പ്രാർഥനയുടെ ഗുണങ്ങളും ഫലങ്ങളും പ്രകടമാകുന്നത്. *(മൽഫൂദാത്ത്, വാള്യം 111, പേജ് 201)*

**പ്രാർഥനയുടെ മര്യാദ:**

പ്രാർഥന അത്ഭുതകരമായ ഒരു കാര്യമാണ്. പ്രാർഥിക്കുന്നവർ പ്രാർഥിക്കേണ്ട രീതിയെന്താണെന്നതിനെ സംബന്ധിച്ചും പ്രാർഥനാസ്വീകാര്യതയുടെ വഴികളെന്തെന്ന് പരിചയപ്പെട്ടിട്ടില്ലെന്നതു സംബന്ധിച്ചും ബോധവാന്മാരല്ല എന്നത് പരിതാപകരമാണ്. പ്രാർഥനയുടെ യാഥാർഥ്യംതന്നെ അസാധാരണമായിരിക്കുന്നു എന്നതാണ് സത്യം. പ്രാർഥനയുടെ ഫലത്തെത്തന്നെ പറ്റെ നിഷേധിക്കുന്നവരാണ് ചിലർ. എന്നാൽ, മറ്റുചിലരുണ്ട്, അവർ പ്രാർഥനയെ നിഷേധിക്കുന്നില്ല. പ്രാർഥനയുടെ രീതിയെക്കുറിച്ച് അറിവില്ലാത്തതുകാരണം അവരുടെ പ്രാർഥന സ്വീകരിക്കപ്പെടുന്നില്ല. യഥാർഥത്തിൽ അവരുടേത് പ്രാർഥനയുമല്ല. അവരുടെ അവസ്ഥ പ്രാർഥന നിഷേധിക്കുന്നവരുടെ അവസ്ഥയേക്കാൾ മോശമാണ്. അവരുടെ പ്രായോഗികമായ അവസ്ഥ അവരെ ദൈവനിഷേധത്തിന്റെ വക്കത്തെത്തിക്കുന്നു.

പ്രാർഥിക്കുന്നവൻ ക്ഷീണിതനാകാൻ പാടില്ല എന്നതാണ് അതിന്റെ ഒന്നാമത്തെ നിബന്ധന. ഒന്നും സംഭവിക്കില്ലെന്ന് വിചാരിച്ച് നിരാശപ്പെടരുത്. ചില സമയത്ത് പ്രാർഥന സ്വീകരിക്കപ്പെടുന്ന അവസ്ഥവരെ എത്തുമ്പോൾ പ്രാർഥിക്കുന്നവൻ ക്ഷീണിച്ചുപോകുന്നു. അതിന്റെ ഫലം പരാജയവും ഇച്ഛാഭംഗവുമാകുന്നു. ഇച്ഛാഭംഗം കാരണം പ്രാർഥനയുടെ ഫലപ്രാപ്തിയെക്കുറിച്ചുള്ള നിഷേധമുണ്ടാകുന്നു. ക്രമേണ അത് ദൈവനിഷേധത്തിന്റെ ഉച്ചസ്ഥാനത്തെത്തുന്നു. പ്രാർഥന സ്വീകരിക്കുന്ന ഒരു ദൈവമുണ്ടായിരുന്നുവെങ്കിൽ ദീർഘകാലമായി ചെയ്തുകൊണ്ടിരുന്ന ഈ പ്രാർഥനകൾ എന്തുകൊണ്ട് സ്വീകരിക്കപ്പെട്ടില്ല എന്നു ചോദിക്കാൻ തുടങ്ങുന്നു. അങ്ങനെ ചിന്തിക്കുന്നവരും കാലിടറുന്നവരും തങ്ങളുടെ സ്ഥിരോത്സാഹത്തെക്കുറിച്ചു ചിന്തിക്കണമായിരുന്നു. അങ്ങനെയായിരുന്നെങ്കിൽ തങ്ങളുടെ സ്വന്തം ധിറുതിയും അക്ഷമയുമാണ് ഇച്ഛാഭംഗമുണ്ടാക്കിയതെന്ന് അവർ അറിയുമായിരുന്നു. ദൈവികശക്തികളെ കുറിച്ചുള്ള തെറ്റുധാരണയാണ് നിരാശയ്ക്ക് കാരണമായത്. അതിനാൽ പ്രാർഥിക്കുന്നവൻ ഒരിക്കലും ക്ഷീണിതനാവാൻ പാടില്ല.

**ആത്മാർഥതയും ദൃഢനിശ്ചയവുമുള്ളവരാകുക:**

പ്രാർഥിക്കുകയെന്നത് ഒരു കർഷകൻ വിത്ത് വിതയ്ക്കുന്നതുപോലെയാണ്. പ്രത്യക്ഷത്തിൽ അയാൾ നല്ലവിത്താണ് മണ്ണിൽ വിതയ്ക്കുന്നത്. ആ സമയത്ത് ആ വിത്ത് വളർന്നു വലിയ ഒരു വൃക്ഷമായിത്തീരുമെന്നും ഫലം കായ്ക്കുമെന്നും ആർക്കാണ് പറയാൻ കഴിയുക? പുറത്തുള്ളവരും കർഷകൻപോലും ആ വിത്ത് ഭൂമിയ്ക്കടിയിൽ ഒരു ചെടിയുടെ രൂപം പ്രാപിക്കുന്നുണ്ടെന്നും കാണുന്നില്ല. എന്നാൽ, യാഥാർഥ്യമെന്താണെന്നാൽ, കുറച്ചു ദിവസങ്ങൾക്കുശേഷമാണ് ആ വിത്തിന് മാറ്റം സംഭവിക്കുന്നു. അത് ഒരു ചെടിയുടെ രൂപം പ്രാപിക്കുകയും ചെയ്യുന്നു. പിന്നീട് അത് പൊട്ടിമുളച്ചുവരുമ്പോൾ ഓരോ ആളും അതു കാണുന്നു. വിത്ത് ഭൂമിയിൽ വിതച്ച നിമിഷം മുതൽ അത് ഒരു ചെടിയായിത്തീരാനുള്ള തയ്യാറെടുപ്പിലായിരുന്നു. ബാഹ്യമായിമാത്രം കാണുന്ന കണ്ണുകൾ അതിനെക്കുറിച്ച് അറിയുന്നില്ല. അത് പൊട്ടിമുളച്ച് പുറത്തേക്കുവന്നാൽ മാത്രമാണ് കാണാൻ കഴിയുന്നത്. അജ്ഞനായ ഒരു ശിശുവിന് ആ ഘട്ടത്തിൽ യഥാസമയത്ത് അത് ഫലം കായ്ക്കുമെന്നു മനസ്സിലാവില്ല. ഉടനെതന്നെ അത് ഫലം കായ്ക്കണമെന്ന് അവൻ ആഗ്രഹിക്കുന്നു. എന്നാൽ, ബുദ്ധിമാനായ ഒരു കർഷകന് അത് കായ്ക്കുന്ന സമയം അറിയാം. അയാൾ സ്ഥിരചിത്തതയോടെ അതിനെ ശുശ്രൂഷിക്കുകയും വളമിടുകയും ചെയ്യുന്നു; അത് കായ്ക്കുകയും പക്വമാകുകയും ചെയ്യുന്നതുവരെ.

ഇങ്ങനെത്തന്നെയാണ് പ്രാർഥനയുടെ കാര്യവും. അതേപ്രകാരം വളരുകയും അങ്ങനെ കായ്ഫലം നല്കുകയും ചെയ്യും. ധിറുതികാണിക്കുന്നവൻ പെട്ടെന്ന് ക്ഷീണിതനാവുകയും ശ്രമം ഉപേക്ഷിക്കുകയും ചെയ്യുന്നു. സ്ഥിരചിത്തത പ്രദർശിപ്പിക്കുകയും സ്ഥിരോത്സാഹം കാണിക്കുകയും ചെയ്യുന്നവർ ലക്ഷ്യത്തിലെത്തുന്നു. പ്രാർഥനയിൽ വിവിധ ഘട്ടങ്ങളുണ്ടെന്നത് സത്യമാണ്. അവയെക്കുറിച്ച് അജ്ഞരായ ആളുകൾ അറിയുന്നില്ല. അവർക്ക് പ്രാർഥനയുടെ ഫലം ലഭിക്കുന്നുമില്ല. അവർ ബദ്ധപ്പാടിലാണ്. കാത്തിരിക്കാൻ കഴിയില്ല. എന്നാൽ, സർവ്വശക്തന്റെ പ്രവർത്തനങ്ങളിൽ പുരോഗതിയുണ്ട്. ഇന്ന് വിവാഹിതനാകുന്ന ഒരുവന് നാളെത്തന്നെ കുട്ടിയുണ്ടാവണമെന്നു പറഞ്ഞാൽ നടക്കുകയില്ല. അല്ലാഹു സർവ്വശക്തനും താനിച്ഛിക്കുന്നത് ചെയ്യുന്നവനുമാണെങ്കിലും അവൻ ആവശ്യമാണെന്ന് നിശ്ചയിച്ച നിയതിനിയമവും വ്യവസ്ഥിതിയും പാലിക്കേണ്ടതുണ്ട്. ഗർഭം ധരിച്ച ആദ്യത്തെ ഘട്ടങ്ങളിൽ ഒന്നും അറിയാൻ സാധിക്കുകയില്ല. അത് സസ്യങ്ങൾ മുളച്ചുപൊന്തുന്നതുപോലെത്തന്നെയാണ്. നാലുമാസത്തേക്ക് ഒരു ഉറപ്പുമില്ല. പിന്നെ ഒരു ചലനം അനുഭവപ്പെടാൻ തുടങ്ങുന്നു. കാലം പൂർത്തിയായാൽ വളരെ പ്രയാസത്തോടെ കുട്ടി ജനിക്കുന്നു. കുട്ടിയുടെ ജനനം മാതാവിനും പുതിയ ജനനം നൽകുന്നു. ഒരു സ്ത്രീയ്ക്ക് ഗർഭാവസ്ഥയിൽ സഹിക്കേണ്ടിവരുന്ന വിഷമങ്ങളേയും ബുദ്ധിമുട്ടുകളേയും മനസ്സിലാക്കാൻ ഒരു പുരുഷന് വിഷമമാണ്. പക്ഷേ, ശിശുവിന്റെ ജനനം സ്ത്രീയ്ക്ക് ഒരു പുതിയ ജനനമാണെന്ന കാര്യം സത്യമാണ്. ഒരു ശിശു ജനിക്കാൻ മാതാവ് ഒരു മരണംവരിക്കേണ്ടതുണ്ട്. അതേപ്രകാരം പ്രാർഥിക്കുന്നവൻ ധിറുതി ഉപേക്ഷിക്കുകയും ബുദ്ധിമുട്ടുകൾ സഹിക്കുകയുംവേണം. പ്രാർഥന സ്വീകരിക്കുകയില്ലെന്ന് സങ്കല്പിക്കാൻ പോലും പാടില്ല. അവസാനം അയാളുടെ ഫലം വെളിപ്പെടുന്നു. തന്റെ ലക്ഷ്യമായിരുന്ന ശിശു പിറക്കുന്നു. ഫലമുണ്ടാവുന്ന പരിധിവരെ പ്രാർഥന തുടരണം. സൂര്യരശ്മി ഒരു ഗ്ലാസിനു മേൽ പതിപ്പിക്കുകയും അതിനുകീഴെ ഒരു തുണിക്കഷണം വെക്കുകയും ചെയ്താൽ പ്രത്യേക ഡിഗ്രിയിൽ ചൂടെത്തുമ്പോൾ തുണിക്കഷണത്തിന് തീ പിടിക്കുന്നു. ഇതേപ്രകാരം പ്രാർഥന ഒരു ഘട്ടംവരെ തുടരേണ്ടതാണ്. അപ്പോൾ ഒരുവിധത്തിലുള്ള ചൂട് രൂപപ്പെടുകയും അത് പരാജയങ്ങളേയും ഇച്ഛാഭംഗങ്ങളേയും കരിച്ചുകളയുകയും അങ്ങനെ ആഗ്രഹിച്ച ഉദ്ദേശ്യം സഫലമാകുകയും ചെയ്യുന്നു.

പ്രാർഥിക്കുന്നവൻ പ്രാർഥനയിൽ ദീർഘനേരം മുഴുകേണ്ടതാണ്. അപ്പോഴാണ് സർവ്വശക്തനായ അല്ലാഹു ഫലം പ്രകടിപ്പിക്കുന്നത്. എന്റെ അനുഭവവും ഇതുതന്നെയാണ്. മുൻകഴിഞ്ഞ സാത്വികരായ ആളുകൾ ഇതിന് സാക്ഷ്യം വഹിച്ചതാണ്. കുറേസമയത്തേക്ക് മൗനമാണെങ്കിൽ വിജയത്തിനുള്ള ആശയുണ്ട്. ക്ഷണത്തിൽ മറുപടി കിട്ടുകയാണെങ്കിൽ ഉദ്ദേശ്യം കിട്ടാതിരിക്കാനുള്ള സാധ്യതയുണ്ട്. ഒരു യാചകൻ ഒരാളുടെയടുക്കൽചെന്ന് വളരെ താഴ്മയോടും ആത്മാർഥതയോടും യാചിക്കുന്നു. തന്റെ സ്ഥാനത്തുനിന്നു അയാൾ അനങ്ങുകയില്ല. ചീത്തപറഞ്ഞാലും അയാൾ യാചിച്ചുകൊണ്ടേയിരിക്കും. അവസാനം ആരോടാണോ യാചിച്ചത് അയാളിൽ ചലനമുണ്ടാകുന്നു. പിശുക്കനായാലും അയാൾ

എന്തെങ്കിലും കൊടുക്കുന്നു. അതുകൊണ്ട് പ്രാർഥിക്കുന്നവന് ചുരുങ്ങിയപക്ഷം ഈ സാധാരണ യാചകന്റെയത്രയെങ്കിലും സ്ഥൈര്യം ഉണ്ടാകേണ്ടതല്ലേ? അപ്പോൾ സർവ്വശക്തനായ ദൈവം, ഔദാര്യവാനായവൻ, പ്രതാപമുടയവൻ, തന്റെ വിനീതദാസൻ തന്റെ മുമ്പിൽ സാഷ്ടാംഗപ്രണാമത്തിലേക്ക് വീണാൽ അവൻ ദുർപര്യവസാനത്തിലേക്ക് അവനെ നയിക്കുകയില്ല. ഗർഭിണിയായ ഒരു സ്ത്രീ അഞ്ചുമാസം കഴിഞ്ഞു അക്ഷമയായി ഗർഭച്ഛിദ്രത്തിനുള്ള മരുന്നുകഴിച്ചാൽ കുട്ടി ജനിക്കുകയില്ല. എന്നല്ല, അവൾ സ്വയം ഹതാശയായിത്തീരുന്നു. അതേപ്രകാരം സമയമെത്തുന്നതിനു മുമ്പേ ധിറുതിപ്പെട്ടാൽ നഷ്ടമാണുണ്ടാവുക. അയാളുടെ വിശ്വാസം അപകടത്തിലാകുന്നു. ഈ അവസ്ഥയിൽ ചിലയാളുകൾ നാസ്തികരായിത്തീരുന്നു. ഞങ്ങളുടെ ഗ്രാമത്തിൽ ഒരു ആശാരിയുണ്ടായിരുന്നു. അയാളുടെ ഭാര്യ രോഗിയാവുകയും പിന്നെ മരിക്കുകയും ചെയ്തു. ഒരു ദൈവമുണ്ടായിരുന്നെങ്കിൽ താൻ ധാരാളമായി ചെയ്ത പ്രാർഥന സ്വീകരിക്കപ്പെടുമായിരുന്നുവെന്നും അവൾ മരിക്കുമായിരുന്നില്ലെന്നും പറഞ്ഞ് അയാൾ ദൈവനിഷേധിയായി.

ഒരു സാത്വികനായ വ്യക്തി കൂറും ആത്മാർഥതയും കാണിക്കുകയാണെങ്കിൽ അയാളുടെ വിശ്വാസം വർധിക്കുകയും ഉദ്ദേശ്യസാഫല്യം നേടുകയും ചെയ്യും. ഐഹിക ലോകത്തെ സമ്പാദനത്തിന് സർവ്വശക്തനായ ദൈവത്തിനു മുമ്പിൽ ഒരു വിലയുമില്ല. അവൻ ഓരോ കാര്യവും ഒരൊറ്റ നിമിഷം കൊണ്ടു ചെയ്യും. തികച്ചും അജ്ഞരായ ജനങ്ങൾക്ക് അവൻ ഭരണാധികാരം നൽകിയത് നിങ്ങൾ കണ്ടിട്ടില്ലേ? അവരോടു അനുസരണമുള്ള രാജഭരണങ്ങളുമുണ്ടായി. അവൻ അടിമകളിൽനിന്ന് രാജാക്കന്മാരെയുണ്ടാക്കി. ഒരു വ്യക്തി സാത്വികനും പരിപൂർണമായി ദൈവത്തിന്റേതായിത്തീരുകയും ചെയ്താൽ അവൻ മികവുറ്റ ജീവിതം നയിക്കും. അയാൾ ആത്മാർഥതയുള്ളവനും ദൃഢനിശ്ചയമുള്ളവനുമായിരിക്കണമെന്നതാണ് നിബന്ധന. അയാളുടെ ഹൃദയം ഒരിക്കലും ഇടറിപ്പോകരുത്. കാണിച്ചുകൂട്ടലും കർത്തവ്യവിമുഖതയുമുണ്ടാവരുത്. തന്റെ ജനതയുടെ പിതാവും ദൈവത്തിൽ സമർപണം ചെയ്തവരുടെ പിതാവുമാക്കാൻ എന്താണ് ഇബ്റാഹിമിൽ عليه السلام ഉണ്ടായിരുന്നത്? സർവ്വശക്തനായ അല്ലാഹു എണ്ണമറ്റ മഹത്തായ അനുഗ്രഹങ്ങൾ അദ്ദേഹത്തിന് നൽകുകയുണ്ടായി. അദ്ദേഹത്തിന്റെ സാത്വികതയും ആത്മാർഥതയുമായിരുന്നു കാരണം. തന്റെ സന്തതികളിൽനിന്ന് അറേബ്യയിൽ ഒരു പ്രവാചകൻ പ്രത്യക്ഷനാവുമെന്ന് ഇബ്റാഹിം عليه السلام പ്രാർഥിച്ചിട്ടുണ്ടായിരുന്നു. അത് ഉടനെതന്നെ സ്വീകരിക്കപ്പെട്ടുവോ? ഇബ്റാഹിം عليه السلامന് ശേഷം ദീർഘകാലംവരെ ആരും ആ പ്രാർഥനയിൽ ശ്രദ്ധ ചെലുത്തിയിരുന്നില്ല. എന്നിട്ടും ആ പ്രാർഥന വിശുദ്ധനബി ﷺ യിൽ പുലർന്നു. എത്ര മഹത്തായിരുന്നു അതിന്റെ പൂർത്തീകരണം. *(അൽഹക്കം, വാള്യം 7, നമ്പർ 8, ഫെബ്രുവരി 28, 1903, പേജ് 1-3)(ദി റിവ്യൂ ഓഫ് റിലീജ്യൻസ്, ഒക്ടോബർ 2018)*

പേജ് 1 ൽ നിന്ന്

ക്കലും അതിനുവേണ്ടി പ്രയത്നിക്കാതിരിക്കെ അഭിപ്രായം പറയാൻ അവനെന്തവകാശമാണുള്ളത്?

അതേ! അവനൊരു ദൈവവിശ്വാസി പറയുന്നതനുസരിച്ച് സത്യമന്വേഷിക്കാൻ ചുവടുവെക്കുകയും ദൈവത്തെ അന്വേഷിക്കുകയും എന്നിട്ടും അവന് ദൈവത്തെ കിട്ടാതിരിക്കുകയുമായിരുന്നെങ്കിൽ നിസംശയം ദൈവമില്ലെന്ന് പറയാൻ അവന് അവകാശമുണ്ടാകുമായിരുന്നു. പക്ഷേ, ഒരു ശ്രമവും നടത്താതെ ഒരു കഠിനാധ്വാനവും ചെയ്യാതെ നിഷേധിക്കാനുള്ള അവകാശം അവനില്ല. ചുരുക്കിപറഞ്ഞാൽ ദൈവമുണ്ട്. അവൻ എങ്ങനെയുള്ളവനാണെന്നാൽ എത്രത്തോളം അവനിൽ വിശ്വാസം വർധിച്ചുകൊണ്ടു പോകുന്നുവോ അത്രത്തോളം അവന് ശക്തി ലഭിച്ചുകൊണ്ടുപോകുന്നു. അവൻ അതിസൂക്ഷ്മമായ അസ്തിത്വമാണെന്ന് കാണാൻ തുടങ്ങുന്നു. എത്രത്തോളമെന്നാൽ സുവ്യക്തമായ നിലയിൽ അവനെ കാണുന്നു. പിന്നീട് ഈ ശക്തി നിത്യവും വർധിച്ചു വർധിച്ചു കൊണ്ടിരിക്കുന്നു. അവനെ കുറിച്ചുള്ള അന്വേഷണം ലോകത്തിനുണ്ടാകണമെന്നതാണ് ഒരു കാര്യം. എന്നാൽ, ഈ ശക്തികൾ ഇന്ന് ലോകത്ത് അവശേഷിക്കുന്നില്ല.*(മൽഫൂദാത്ത് വാല്യം 2, പേജ് 43, 2018 പതിപ്പ് ഖാദിയാൻ)*

പേജ് 12 ൽ നിന്ന്

കുട്ടികളിൽനിന്ന് വിശുദ്ധഖുർആനിലെ ഓരോ വചനം കേട്ടു. അവസാനം ദുആ ചെയ്യിച്ചു. ആമീൻ പരിപാടിയിൽ പങ്കെടുത്ത സൗഭാഗ്യരായ കുട്ടികളുടെ പേരുകൾ താഴെ ചേർക്കുന്നു:

അസീസം ദാനിയാൽഖാൻ, അസീസം ഹിശാം ത്വാരിഖ്, അസീസം ദാനിശ് ആഹിൽ ത്വാരിഖ്, അസീസം അഫ്ഫാൻ അഹ്മദ്, അസീസം അസ്ഫാൻ അഹ്മദ്, അസീസം ഫരീദ് അഹ് മദ്, അസീസം മുഅ്സുദ്ദീൻ, അസീസം ഹമ്മാദ് അഹ്മദ്, അസീസം യാശാ അഹ്മദ്, അസീസം നവേദ് അഹ്മദ്, അസീസം ഥമർ ഇക്റാം, അസീസം മുനീബ് ഹൂദ് അഹ്മദ്, അസീസം, 13. അസീസ മീറബ് അലീന ഭട്ടി, 14. അസീസ സബാഇനാ മലിക്, 15. അസീസ റംശ സ്വബാ, 16. അസീസ സ്വബാഹത്ത് ത്വാരിഖ്, 17. അസീസ മലാഇക്ക യാസിർ രിയാള് 18. അസീസ മാരിയ ചീമ, 19. അസീസ ഥാനിയ ള്വഫ്ർ, 20. അസീസ മാഹ് നൂർ ഉഥ്മാൻ ഭട്ടി. 21. അസീസ ബാസിമ അഫ്ളൽ, 22. അസീസ ലയ്സ അഖ്തർ, 23.അസീസ മാരിയ മുള്വഫ്ഫർ, 24. അസീസ ബാസിമ അഹ്മദ്, 25.അസീസ ദാനിയ അഹ്മദ്, 26. അസീസ നൂറം ഹമീദ്, 27. അസീസ ആലിയ ഘോഘർ, 28. അസീസ റാബിയ മൻള്വൂർ, 29. അലീന ഘോഘർ.

ഈ കുട്ടികൾ ജർമനിയിലെ താഴെ പറയുന്ന ജമാഅത്തുകളിൽനിന്ന് വന്നവരാണ്.

Erfelden, Russelsheim, Wiesbaden, Ginnheim, FF/City, Russelheim West, Reichelsheim, Gross Grau West, Langen, Noor Mosque FF/City, waiblingen, Rudesheim, Waildort, Baitus Sabuh, Nord West Stadt, Nied, Frankthal, Eschersheim, Lauterborn, Morfelden, Nied FF/City, Dreieich, Kreinstein West, Ginnheim.

ഇതിനുശേഷം ഹുദൂർ മഗ്രിബ്- ഇശാ ജംആക്കി നമസ്കരിപ്പിച്ചു. നമസ്കാരത്തിനുശേഷം ഹുദൂർ തന്റെ താമസസ്ഥലത്തേക്ക് പോയി.

### വിശ്വാസം ദൃഢീകരിപ്പിക്കുന്ന ഒരു സംഭവം.

2009 ഡിസംബർ 15-ന് ഹുദൂർ ജാമിഅയുടെ കെട്ടിടത്തിന് തറക്കല്ലിടുമ്പോൾ ആ സ്ഥലത്ത് ഫസ്റ്റ് കൗണ്ടി കൗൺസിലർ മിസ്റ്റർ തോമസ് വില്ലും പരിപാടിയിൽ പങ്കെടുത്തിരുന്നു. ഹുദൂർ തിരുമനസ്സ് ഈ പരിപാടിയിൽ തന്റെ പ്രഭാഷണത്തിൽ മിസ്റ്റർ തോമസ് വില്ലിനെ ഒരു കമ്മീഷണർ എന്ന നിലയിലാണ് സ്മരിച്ചത്. പ്രഭാഷണത്തിൽ കമ്മീഷണർ എന്ന് പറഞ്ഞാണ് സംബോധന ചെയ്തത്. ആ സമയത്ത് അദ്ദേഹം കമ്മീഷണറായിരുന്നില്ല. പ്രത്യുത അദ്ദേഹം ഫസ്റ്റ് കൗണ്ടി കൗൺസിലർ എന്ന നിലയിൽ പ്രവർത്തിച്ചുവരികയായിരുന്നു. അല്ലാഹു ഹുദൂറിന്റെ അനുഗൃഹീത അധരത്തിൽനിന്ന് പുറത്തുവന്ന കാര്യം പൂർത്തിയാക്കി. താൻ കമ്മീഷണറാകുമെന്ന് സ്വപ്നത്തിൽപോലും അദ്ദേഹം വിചാരിച്ചിരുന്നില്ല. 2010-ൽ ഗ്രാസ് ഗ്രാവോ ജില്ലയിൽ തിരഞ്ഞെടുപ്പ് നടന്നപ്പോൾ മിസ്റ്റർ തോമസ് വിൽ സാഹിബ് കൗൺടി കമ്മീഷണറിന്റെ തിരഞ്ഞെടുപ്പിൽ നിന്നു. 59% വോട്ട് കരസ്ഥമാക്കിക്കൊണ്ട് അദ്ദേഹം വിജയിച്ചു. അല്ലാഹു തന്റെ ഖലീഫയുടെ വായിൽനിന്ന് പുറപ്പെട്ട കാര്യം അദ്ദേഹത്തിൽ പൂർത്തിയാക്കി. സ്വന്തക്കാർ അവിടെ നിൽക്കട്ടെ അന്യരും ഖലീഫത്തുൽ മസീഹിൽനിന്ന് അനുഗ്രഹം കരസ്ഥമാക്കുന്നു. ഇതു കാണുമ്പോൾ ഹൃദയം അല്ലാഹുവിന്റെ സ്തുതിയാൽ ഭരിതമാകുന്നു. ഇപ്പോൾ അദ്ദേഹം കൗണ്ടി കമ്മീഷണർ എന്ന പദവിയിൽ നിയമിതനാണ്. (തുടരും) *(കടപ്പാട് അൽഫള്ൽ, ഇന്റർനാഷണൽ 2013 മാർച്ച് 1)*

ക്യൂആർ കോഡ്
സ്കാൻ ചെയ്യൂ...
ഞങ്ങളുടെ വെബ്സൈറ്റ്
സന്ദർശിക്കൂ...
The Weekly BADR Qadian
(Malayalam)

ഹദീഥുന്നബവി(സ)
"അൽഖാലത്തു വാലിദത്തുൻ."
മാതൃസഹോദരിയും മാതാവ് തന്നെയാണ്.
TIMBELLA
BEAUTY FROM TIMBER
—NILAMBUR—
SCAN(BAR-CODE) FOR OUR NILAMBUR TEAK FURNITURES
ത്വാലിബെ ദുആ
BEAUTY FROM TIMBER NILAMBUR
FURNITURES FOR ENQUIRY CALL.: 9744366004, 8086399638

ഹദീഥുന്നബവി(സ)
"ബജ്ജിലുൽ മശാഇഖ."
പ്രായമുള്ളവരെ ബഹുമാനിക്കുക.

tectona
feels more confidence
All Types Of Quality Furniture
ത്വാലിബെ ദുആ
Prop.M.SHAFIQ - 80752 12141 , M.MUSTAFA - 91887 68150
M.MUNEER - 99468 71947, KARULAI, MALAPURAM

## ദർജദോം സ്വദ്ർ അഞ്ചുമൻ അഹ്മദിയ്യ ഖാദിയാൻ ജോലി ഒഴിവ്.

**നിബന്ധനകൾ:**

(1) അപേക്ഷകന്റെ പ്രായം 25 വയസ്സിൽ കൂടാനോ 18 വയസ്സിൽ കുറയാനോ പാടില്ല.
(2) വിദ്യാഭ്യാസയോഗ്യത കുറഞ്ഞത് പ്ലസ് ടു പരീക്ഷയിൽ 45% മാർക്കുണ്ടായിരിക്കണം.
(3) ഉദ്യോഗാർഥിക്ക് ഉർദു/ഇംഗ്ലീഷ് കമ്പോസ് ചെയ്യാൻ അറിഞ്ഞിരിക്കണം. ഒരുമിനുറ്റിൽ 25 പദങ്ങൾ ടൈപ്പ് ചെയ്യണം.
(4) ഈ വിളംബരത്തിനുശേഷം രണ്ടുമാസത്തിനുള്ളിൽ ലഭിക്കുന്ന അപേക്ഷകൾ മാത്രമെ സ്വീകരിക്കുകയുള്ളു.
പരീക്ഷയ്ക്കുള്ള സിലബസ്സ് താഴെ ചേർക്കുന്നു:

***ഭാഗം 1 * വിശുദ്ധ ഖുർആൻ മുഴുവനും ഓതാൻ അറിയണം. ആദ്യജുസു തർജമയോടെ അറിയണം.***
**** ചാലീസ് ജവാഹർ പാരെ, ഇസ്‌ലാം കാര്യങ്ങൾ, നമസ്കാരം പൂർണമായും തർജമയോടു കൂടി. (മാർക്ക് 30)***
***ഭാഗം 2. * കശ്തിയെ നൂഹ്, ബർക്കാത്തുദുആ, ദീനീ മഅ്‌ലൂമാത്ത്***
***ഉപന്യാസം: അഹ്മദിയ്യ വിശ്വാസങ്ങൾ, ദുർറെ ഥമീനിൽനിന്നുള്ള പദ്യം(ശാനെ ഇസ് ലാം) (മാർക്ക് 20)***
***ഭാഗം 3. * 10+2 നു സമാനമായ ഇംഗ്ലീഷ് പരിചയം (മാർക്ക് 20)***
***ഭാഗം 4. * പത്താം ക്ലാസിനു സമാനമായ കണക്കിൽ പരിചയം(ഓഫീസ് സംബന്ധമായ ചോദ്യങ്ങളുണ്ടാകും) (മാർക്ക് 20)***
***ഭാഗം 5. * പൊതുവിജ്ഞാനം(G.K) (മാർക്ക് 10)***

(6) എഴുത്തു പരീക്ഷയിൽ വിജയിക്കുന്നവർക്ക് ഇന്റർവ്യു ഉണ്ടായിരിക്കുന്നതാണ്.
(7) എഴുത്തു പരീക്ഷ. കമ്പ്യൂട്ടർ ടെസ്റ്റ്, ഇന്റർവ്യൂവിൽ പാസാകുന്നവർക്ക് നൂർ ആശുപത്രി ഖാദിയാനിൽനിന്ന് മെഡിക്കൽ ചെക്കപ്പ് നടത്തേണ്ടി വരും. മെഡിക്കലിൽ ഫിറ്റാകുന്നവർക്കുമാത്രമെ നിയമനം ലഭിക്കുകയുള്ളു
(8) സെലക്ഷൻ കിട്ടുന്നതനുസരിച്ച് ഉദ്യോഗാർഥി താമസ സൗകര്യം സ്വയം ചെയ്യേണ്ടിവരും.
(9) ഇതുസംബന്ധമായ വരവുചെലവുകളെല്ലാം ഉദ്യോഗാർഥിതന്നെ വഹിക്കേണ്ടതാണ്.

(നോട്ട്: എഴുത്തുപരീക്ഷയേയും ഇന്റർവ്യൂവിനേയും കുറിച്ചുള്ള വിവരങ്ങൾ പിന്നീട് അറിയിക്കുന്നതാണ്.)
കൂടുതൽ വിവരങ്ങൾക്ക്:

*NAZARATH DEEVAN, SADR ANJUMAN AHMADIYYA, QADIAN, PIN 143 516*
*Mobile: 09682627592, 09682587713, OFFICE: 01872-501130,*
*E-mail:diwan@qadian.in*

## ഡ്രൈവർ ഒഴിവ് സ്വദ്ർ അഞ്ചുമൻ അഹ്മദിയ്യ ഖാദിയാൻ

നിബന്ധനകൾ:
(1) അപേക്ഷകന്റെ പ്രായം 18-നും 40-നും ഇടയിലായിരിക്കണം
(2) 10-ാംക്ലാസ്സ് പാസായിരിക്കണം.
(3) അപേക്ഷകന്റെ കൈയിൽ വാലിഡായിട്ടുള്ള ഡ്രൈവിംഗ് ലൈസൻസുണ്ടായിരിക്കണം.
(4) സർക്കാർ ഓഫീസുകളിൽനിന്നോ പ്രൈവറ്റ് ഓഫീസുകളിൽനിന്നോ ഉള്ള രണ്ടു വർഷത്തെ ഡ്രൈവിംഗ് പരിചയ സർട്ടിഫിക്കേറ്റ് അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതാണ്.
(5) അപേക്ഷകൻ ജനന സർട്ടിഫിക്കേറ്റ് ഹാജരാക്കേണ്ടത് നിർബന്ധമാണ്.
(6) അപേക്ഷകൻ എഴുത്തുപരീക്ഷയിലും ഇന്റർവ്യുവിലും പാസ്സാകേണ്ടത് നിർബന്ധമാണ്.
(7) എഴുത്തുപരീക്ഷയിലും ഇന്റർവ്യുവിലും പാസ്സാകുന്ന ഉദ്യോഗാർഥി ഡ്രൈവിംഗ് ടെസ്റ്റിനും വിധേയമാകണം.
(8) ഇന്റർവ്യൂവിൽ പാസാകുന്നവർക്ക് നൂർ ആശുപത്രി ഖാദിയാനിൽനിന്ന് മെഡിക്കൽ ചെക്കപ്പ് നടത്തേണ്ടിവരും. മെഡിക്കലിൽ ഫിറ്റാകുന്നവർക്കുമാത്രമെ നിയമനം ലഭിക്കുകയുള്ളു.
(9) ഉദ്യോഗാർഥിക്ക് ദർജദോമിന് സമാനമായ അലൗൺസും മറ്റു ആനുകൂല്യങ്ങളുമായിരിക്കും നൽകപ്പെടുക.
(10) സെലക്ഷൻ കിട്ടുന്നതനുസരിച്ച് ഉദ്യോഗാർഥി ഖാദിയാനിൽ ആദ്യത്തെ 5 വർഷംവരെ താമസ സൗകര്യം സ്വയം ചെയ്യേണ്ടിവരും.
(11) ഇതുസംബന്ധമായ വരവുചെലവുകളെല്ലാം ഉദ്യോഗാർഥിതന്നെ വഹിക്കേണ്ടതാണ്.
(നോട്ട്: എഴുത്തുപരീക്ഷയേയും ഇന്റർവ്യൂവിനേയും കുറിച്ചുള്ള വിവരങ്ങൾ പിന്നീട് അറിയിക്കുന്നതാണ്.)
കൂടുതൽ വിവരങ്ങൾക്ക്:

*NAZARATH DEEVAN, SADR ANJUMAN AHMADIYYA, QADIAN, PIN 143 516*
*Mobile: 09682627592, 09682587713, OFFICE: 01872-501130,*
*E-mail:diwan@qadian.in*

### • ഹദീഥുന്നബ്‌വി(സ) •

**"അൽഅഅ്മാലു ബിൽ ഖവാതീമി"**
**കർമങ്ങൾ അതിന്റെ പര്യവസാനത്തിലധിഷ്ഠിതമാണ്.**

ത്വാലിബെ ദുആ
**RAHMAN SHAKEER & FAMILY**
AHMADIYYA JAMA-ATH KARULAI, KERALA

### • ഹദീഥുന്നബ്‌വി(സ) •

**"ഊസ്വീക്കും ബിൽജാരി."**
**അയൽക്കാരനോടു നല്ല നിലയിൽ പെരുമാറണമെന്ന് ഞാൻ നിങ്ങളോടു വസ്വിയ്യത്ത് ചെയ്യുന്നു.**

ത്വാലിബെ ദുആ
**P. ABDUL AMEER**
AHMADIYYA JAMA-ATH MANJERY, KERALA

EDITOR
H.Shamsuddin

Sub Editor : Mohammad Ismail
Mobile : 91 9446656123
e-mail : badarmalayalam@gmail.com
Layout : HA Creative Graphics

REGISTERED WITH THE REGISTRAR OF THE NEWSPAPER FOR INDIA AT NO PUNMAL/2016/70551

ബദ്ർ വീക്കിലി ഖാദിയാൻ Weekly **BADAR** Qadian

Distt. Gurdaspur (Pb.) INDIA Qadian - 143516

POSTAL REG NO GDP-44/2023-2025 Vol-9 Thursday 7-14 November 2024 Issue-45,46

MANAGER
SHAIKH MUJAHID AHMAD

Mobile: +91 99153 79255
e-mail : managerbadrqnd@gmail.com
website : www.alislam.org/badr

**ANNUAL SUBSCRIPTION :** Rs.600/- (Per Issue : Rs. 12.00/-) (WEIGHT : 20-50 gms/Issue)

# സയ്യിദുനാ ഹദ്റത്ത് അമീറുൽമുഅ്മിനീൻ അയ്യദഹുല്ലാഹുത്തആലാ ബി നസ്റിഹിൽ അസീസിന്റെ യൂറോപ്പ് പര്യടനം

**വിവർത്തനം: മൗലവി സഫ്ർ അഹ്മദ് കോഴിക്കോട്**

**വാല്യം 9 ലക്കം 44 പേജ് 9, കോളം 2-ൽനിന്ന് തുടർച്ച..........**

**(റിപ്പോർട്ട്: അബ്ദുൽമാജിദ് ത്വാഹിർ അഡീഷണൽ വക്കീലുത്തബ്ശീർ ലണ്ടൻ)**

ഹുദൂർ പറഞ്ഞു: ഇതിന്റെ ഉദ്ദേശ്യം ഇസ്‌ലാം പറയുന്നത് സന്യാസിമഠങ്ങൾക്കെതിരിലും ക്രിസ്തീയ പള്ളികൾക്കെതിരിലും മറ്റു ആരാധനാലയങ്ങൾക്കെതിരിലും ജിഹാദ് ചെയ്യണമെന്നല്ല. മറിച്ച് സ്നേഹത്തിന്റേയും സാഹോദര്യത്തിന്റേയും സമത്വത്തിന്റേയും സന്ദേശം പ്രചരിപ്പിക്കുന്നതിനുവേണ്ടി ജിഹാദ് ചെയ്യുക എന്നാണ്. ഈ ജിഹാദ് തബ്‌ലീഗിന്റെ അഥവാ പ്രബോധനത്തിന്റെ ജിഹാദാണ്. ഇതാണ് നമ്മുടെ വ്യാഖ്യാനം. അതുകൊണ്ട് ഞങ്ങൾ പറയുന്നത് ഒരു മതവിഭാഗവും അത് ക്രിസ്ത്യാനികളാവട്ടെ, അല്ലെങ്കിൽ യഹൂദികളാവട്ടെ അവരാരും ഇസ്‌ലാമിന്നെതിരിൽ യുദ്ധം ചെയ്യുന്നില്ല. പ്രത്യുത ഇവരുടെ യുദ്ധം രാഷ്ട്രീയപരമായ യുദ്ധമാണ്. പിന്നെ എല്ലാ രാജ്യങ്ങൾക്കും പ്രതിരോധിക്കാനുള്ള അവകാശമുണ്ട്. എന്നാൽ, ത്വാലിബാൻ ഗ്രൂപ്പോ അൽഖ്വയിദ ഗ്രൂപ്പോ ഉണ്ടാക്കി യുദ്ധം ചെയ്യണമെന്നല്ല. ഇവർ യുദ്ധവും ആർക്കെതിരിലാണ്ചെയ്യുന്നത്? മുസ്‌ലിമീങ്ങൾക്കെതിരിലാണോ യുദ്ധം ചെയ്യേണ്ടത്? ഉദാഹരണത്തിന് പാക്കിസ്താനിൽ മുസ്‌ലിമീങ്ങൾ മുസ്‌ലിമീങ്ങൾക്കെതിരിൽ യുദ്ധം ചെയ്യുന്നു. മറ്റുള്ള രാഷ്ട്രങ്ങളിലും ഇസ്‌ലാമിക ഗ്രൂപ്പ് ഏതെങ്കിലും ക്രിസ്ത്യാനികൾക്കെതിരിലോ യഹൂദികൾക്കെതിരിലോ യുദ്ധം ചെയ്യുന്നത് താങ്കൾ കാണുകയില്ല, ഇസ്രായീലിലും ഫലസ്തീനിലും നടക്കുന്നതൊഴിച്ച്. ഈയടുത്ത് ഞാൻ യൂറോപ്യൻ പാർലമെന്റിൽ പ്രസംഗിച്ചിരുന്നു. അവിടെ യൂറോപ്യൻ ഗവൺമെന്റ് ഇസ്രായീൽ-പലസ്തീൻ യുദ്ധത്തിന്നെതിരിൽ പ്രവർത്തിക്കണമെന്ന് ഞാൻ പറഞ്ഞിരുന്നു. നീതിയോടുകൂടി പ്രവർത്തിക്കേണ്ടതാണ്. അതിൽ ഇരട്ടത്താപ്പ് നയം പാടില്ല. എന്നാൽ, ഇത് മതപരമായ യുദ്ധമല്ലെന്ന് ഇസ്രായീൽ അംഗീകരിക്കുന്നു. അതുപോലെ ഒരിക്കലും ഹമാസോ അതല്ല മറ്റു ഗ്രൂപ്പുകളുമോ ഇത് മതപരമായ യുദ്ധമാണെന്ന് പറഞ്ഞിട്ടില്ല. കാര്യമിതാണ്, ഇസ്രായീൽ, പലസ്തീന്റെ ഭൂമി അധീനപ്പെടുത്തുന്നു. പലസ്തീനികൾ ഇതിന്നെതിരിൽ യുദ്ധം ചെയ്യുന്നു.

ഹുദൂർ പറഞ്ഞു: ജിഹാദ് എന്നത് ഞങ്ങളുടെ വ്യാഖ്യാനപ്രകാരം 'ജിഹാദെകബീർ' ആണ്. അത് നബിﷺതിരുമേനി പറഞ്ഞുതന്നതാണ്. അതിപ്രകാരമാണ്. പരിശുദ്ധഗ്രന്ഥം അഥവാ വിശുദ്ധ ഖുർആന്റെ സഹായത്തോടെ പ്രബോധനം ചെയ്യുകയോ സ്നേഹത്തിന്റേയും സമാധാനത്തിന്റേയും സന്ദേശമായ ഇസ്‌ലാമിന്റെ സന്ദേശത്തെ പ്രചരിപ്പിക്കുകയോ ചെയ്യുക. മനുഷ്യനെ തന്റെ സ്രഷ്ടാവിന്റെയടുത്ത് കൊണ്ടുവരിക. ഒരു പ്രതിനിധി ചോദിച്ചു: ഈ ജാമിഅ ഓരോരുത്തർക്കുവേണ്ടിയും എല്ലാ മുസ്‌ലിമീങ്ങൾക്കുവേണ്ടിയുമാണോ തുറന്നിട്ടുള്ളത്. ഹുദൂർ പറഞ്ഞു. ഈ സ്ഥാപനത്തിന്റെ നിയമങ്ങളും ചട്ടങ്ങളുമനുസരിച്ച് പ്രവർത്തിക്കുവാൻ തയ്യാറുള്ള ഓരോരുത്തർക്കും വേണ്ടിയാണ് തുറക്കപ്പെട്ടിട്ടുള്ളത്. അവരെ സ്വാഗതം ചെയ്യുന്നു. എന്നാൽ, ഞങ്ങൾ ഇവിടെ പഠിപ്പിക്കുന്ന കാര്യമായിരിക്കണം അവർ പഠിക്കേണ്ടത്. അത് അവരുടെ വിശ്വാസത്തിനും വീക്ഷണത്തിനും എതിരായിരുന്നാലും ശരി. ഈ സ്ഥാപനത്തിലെ നിയമങ്ങളും ചട്ടങ്ങളും അംഗീകരിക്കുമെന്ന നിബന്ധനയോടുകൂടി ഞങ്ങൾ അവരെ സ്വീകരിക്കുന്നതായിരിക്കും. താൻ അനഹ്മദിയാണ്, പക്ഷേ, താൻ ഈ സ്ഥാപനത്തിന്റെ നിയമങ്ങളും ചട്ടങ്ങളുമനുസരിച്ച് പ്രവർത്തിക്കാൻ തയ്യാറാകുന്ന ആളെക്കൊണ്ടുവരികയാണെങ്കിൽ ഞങ്ങൾ അവരെ സ്വാഗതം ചെയ്യുന്നതാണ്. ഞാൻ നിങ്ങൾക്ക് ഇതിനുള്ള ഗ്യാരണ്ടി നൽകുന്നു. ഈ പത്രസമ്മേളനത്തിന്റെ അവസാനം ഈ പ്രദേശത്തുള്ളവർ പറഞ്ഞു, അങ്ങയുടെ വരവിനെ നന്ദിയോടുകൂടി ഞങ്ങൾ സ്മരിക്കുന്നു. അങ്ങയെ കണ്ടതിൽ വളരെയധികം സന്തോഷം. ഇടയ്ക്കിടയ്ക്ക് നമുക്ക് കൂടിക്കാഴ്ചക്കുള്ള അവസരം ഉണ്ടാക്കിത്തരുമെന്ന് പ്രതീക്ഷിക്കുന്നു ഞങ്ങൾ അങ്ങയുടെ വിജയത്തിനുവേണ്ടി പ്രാർഥിക്കുന്നതായിരിക്കും. ഇവിടെ പഠിക്കുന്ന വിദ്യാർഥികൾക്കു വേണ്ടിയും പ്രാർഥിക്കുന്നതായിരിക്കും. ഒരിക്കൽകൂടി നന്ദി രേഖപ്പെടുത്തുന്നു. മേയർ ഹുദൂറിനെ ആലിംഗനം ചെയ്തു. ഹുദൂർ മേയർക്ക് നന്ദി പറഞ്ഞു.

പത്രസമ്മേളനത്തിനുശേഷം ഹുദൂർ തിരുമനസ്സ് ഹാളിൽ വരികയും പരിപാടിയനുസരിച്ച് ജാമിഅയിലെ ക്ലാസനുസരിച്ച് കുട്ടികളും ഉസ്താദുമാരും ജോലിക്കാരും ഹുദൂറുമൊത്ത് ഫോട്ടോയെടുക്കുകയും ചെയ്തു. അതിനുശേഷം ഹുദൂർ കുട്ടികളുമായും ഉസ്താദുമാരുമായും ജോലിക്കാരുമായും ആലിംഗനം ചെയ്തു. അത് കഴിഞ്ഞ് ഹുദൂർ ജാമിഅയുടെ പുറത്തുള്ള ഭാഗത്ത് വന്ന് അക്രോട്ടിന്റെ ചെടി നടുകയും അതിന് വെള്ളം ഒഴിക്കുകയും ചെയ്തു. അതിനുശേഷം ഇവിടെനിന്ന് 2.5ന് ഫ്രാങ്ക്ഫോർട്ടിലേക്ക് യാത്ര പുറപ്പെട്ടു. ഇന്ന് ള്വുഹ്ർ അസ്വ്ർ നമസ്കാരം മസ്ജിദ് നൂറിലാണ് നിർവഹിക്കേണ്ടത്. യാത്ര പുറപ്പെടുമ്പോൾ എല്ലാ വിദ്യാർഥികളും ഉസ്താദുമാരും ജോലിക്കാരും കൈവീശിക്കൊണ്ട് തങ്ങളുടെ ഹുദൂറിനെ യാത്രയാക്കി.

ഫ്രാങ്ക്ഫോർട്ടിലെ മസ്ജിദ് നൂറിലേക്ക് പോകുന്നതിനിടയിൽ ഹുദൂർ കുറച്ചു സമയം ജർമനി അമീർ അബ്ദുല്ലാ വാഗസ് സാഹിബിന്റെ വീട്ടിൽ കയറി. 3.10-ന് ഹുദൂർ ഫ്രാങ്ക്ഫോർട്ടിലെ മസ്ജിദ് നൂറിലെത്തി. അവിടെയുള്ള തദ്ദേശ ജമാഅത്തംഗങ്ങൾ ഹുദൂറിനെ സ്വാഗതം ചെയ്തു. ഹുദൂർ ള്വുഹ്ർ- അസ്വ്ർ ജംആക്കി നമസ്കരിപ്പിച്ചു. നമസ്കാരത്തിനുശേഷം ഹുദൂർ ബയ്ത്തുസുബൂഹിലേക്ക് പുറപ്പെട്ടു.

### മസ്ജിദ് നൂർ ഫ്രാങ്ക്ഫോർട്ട്

മസ്ജിദ് നൂർ ജർമനിയിൽ നിർമ്മിക്കുന്ന അഹ്മദിയ്യാ ജമാഅത്തിന്റെ രണ്ടാമത്തെ മസ്ജിദാണ്. അത് 1959-ലാണ് നിർമിച്ചത്. ഇതിനു മുമ്പേ 1955-ൽ മസ്ജിദ് ഫള്ൽ നിർമിച്ചു. ഫ്രാങ്ക്ഫോർട്ടിൽ മസ്ജിദ് നൂർ നിർമിക്കുമ്പോൾ ആ സമയത്ത് ഇവിടെ രണ്ട് അഹ്മദികൾ മാത്രമേ ഉണ്ടായിരുന്നുള്ളൂ. ഇപ്പോൾ അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഫ്രാങ്ക്ഫോർട്ട് റീജ്യണിൽ അഹ്മദികളുടെ അംഗസംഖ്യ ആയിരക്കണക്കിനാണുള്ളത്.

മസ്ജിദ് നൂറിൽനിന്ന് ബയ്ത്തുസ്സുബൂഹിലേക്കുള്ള ദൂരം 28 കിലോമീറ്ററാണ്. മസ്ജിദ് നൂറിൽനിന്ന് പുറപ്പെട്ടിട്ട് നാല് മണിക്കൂർകൊണ്ട് ഹുദൂർ ബയ്ത്തുസ്സുബൂഹിലെത്തി.

### കുടുംബപരമായ കൂടിക്കാഴ്ച.

പരിപാടിയനുസരിച്ച് 6 മണിക്ക് ഹുദൂർ ഓഫീസിൽ വരികയും കുടുംബങ്ങളുമായി കൂടിക്കാഴ്ച നടത്തുകയും ചെയ്തു. ഇന്ന് 30 കുടുംബങ്ങളിലെ 103 പേരും 40 പേർ സ്വന്തമായ നിലയിലും അതായത് 143 പേർ തങ്ങളുടെ പ്രിയപ്പെട്ട ഹുദൂറുമായി കൂടിക്കാഴ്ച നടത്തി. എല്ലാ കുടുംബക്കാരും ഹുദൂറിനോടൊപ്പം ഫോട്ടോയുമെടുത്തു. ഹുദൂർ വിദ്യാർഥി വിദ്യാർഥിനികൾക്ക് പേനകൾ ഉപഹാരമായി നൽകി. കുഞ്ഞുങ്ങൾക്ക് ചോക്ലേറ്റും കൊടുത്തു. കൂടിക്കാഴ്ച നടത്തിയിട്ടുള്ള കുടുംബങ്ങളും ജമാഅത്തംഗങ്ങളും താഴെ കൊടുക്കുന്ന ജമാഅത്തുകളിൽനിന്ന് എത്തിയവരാണ്.

Hanau, Seligenstadt, Freiburg, Ludenscheid Raunheim, Boblingen, Kassel, Wittlich, Balingen, Wiesbaden, Stuttgart, Reutilingen, Wurzburg, DA-Griesheim, Mannheim, Herborn, Oberursel, Offenbach, FFM-Zeilsheim, Frankfurt, Dreieich, Gross-Umstadt, Mainz, Soest, Nidda, Iserlohn, Waldshut, Pfungstadt, Gaggenau, Regensburg, Bensheim, Plorzheim, Eich-Worms, Hof, Etch-Worms, Freinsheim, Trier. ഇതിനുപുറമെ ആസ്ത്രേലിയയിൽനിന്നുവന്ന ഒരു കുടുംബവും കൂടിക്കാഴ്ച നടത്തി. കൂടിക്കാഴ്ചയുടെ ഈ പരിപാടി 7.45 വരെ നീണ്ടുനിന്നു. ഇതിനുശേഷം ഹുദൂർ മഗ്‌രിബ്, ഇശാ ജംആക്കി നമസ്കരിപ്പിച്ചു.

### ആമീൻ പരിപാടി

നമസ്കാരത്തിനുമുമ്പേ ആമീൻ പരിപാടി നടന്നു. ഹുദൂർ തിരുമനസ്സ് താഴെ ചേർക്കുന്ന 29

ശേഷം പേജ് 8 ൽ

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press. Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin